# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.വി.എം/ബി.പി 265 /2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 19/03/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ, തിരുവനന്തപുരം)
3) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.വി.എം/ബി.പി 265 /2022 തീയ്യതി: 19/03/2022

## തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 49 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഷീല ഉബാൾഡ് | ജോയിന്റ് ഡയറക്ടർ | 21-01-2022 | 31-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-01-2022 | 31-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ആർ.സുഭാഷ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.വിഷ്ണുമോഹൻദേവ് | സെക്രട്ടറി | 01-04-2019 | 30-06-2019 |

| | | | |
|---|---|---|---|
| ശ്രീ.എസ്സ്.ആർ.രാജീവ് (I/c) | സെക്രട്ടറി | 01-07-2019 | 30-09-2020 |
| ശ്രീ.ലെനിൻ.എൽ | സെക്രട്ടറി | 01-10-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഷീല.വി.കെ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ. പ്രസാദ്.കെ | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-07-2019 |
| ശ്രീമതി സനുജബീഗം | പട്ടികജാതി വികസന ഓഫീസർ | 01-08-2019 | 31-03-2020 |
| ശ്രീമതി രാജലക്ഷ്മി | ശിശു വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. നൗഷാദ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി വിമലാകുമാരി അമ്മാൾ | ക്ഷീരവികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. ഷബ്ന | സൂപ്രണ്ട്, താലൂക്ക് ആശുപത്രി,ചിറയിൻകീഴ് | 01-04-2019 | 31-03-2020 |
| ഡോ. ഷ്യാംജി വോയ്സ് | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി,അഞ്ചുതെങ്ങ് | 01-04-2019 | 31-03-2020 |
| ശ്രീമതി ജയന്തി.വി | വ്യവസായ ഓഫീസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sreedevi S (Senior Grade Auditor, On 02-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-1 |
| 2 | ബജറ്റ് രൂപീകരണം - അപാകതകൾ<br>Written By: Sreedevi S (Senior Grade Auditor, On 02-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Jayalekshmi BK (Senior Grade Auditor, On 01-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-2 |
| 4 | അക്കൌണ്ട് വിവരം വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Jayalekshmi BK (Senior Grade Auditor, On 02-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-2-1 |
| 5 | അക്കൌണ്ടുകളുടെ റീകൺസിലിയേഷൻ രേഖകൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Jayalekshmi BK (Senior Grade Auditor, On 02-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-2-2 |
| 6 | അക്കൌണ്ടുകളിലെ വരവ്-ചെലവുകൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല.<br>Written By: Jayalekshmi BK (Senior Grade Auditor, On 02-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-2-3 |
| 7 | ഗുണഭോക്തൃവിഹിതം- ചെലവഴിക്കാത്തതുക തിരികെ നൽകേണ്ടതാണ്.<br>Written By: Jayalekshmi BK (Senior Grade Auditor, On 03-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-2-4 |
| 8 | അഡ്വാൻസ് നൽകിയതിന് ക്രമീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Jayalekshmi BK (Senior Grade Auditor, On 03-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-2-5 |
| 9 | വിവിധ ഡൊണേഷൻ തുക ഒടുക്കിയതിന്റെ വിവിരം ലഭ്യമാക്കേണ്ടതാണ്.<br>Written By: Jayalekshmi BK (Senior Grade Auditor, On 03-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-2-6 |
| 10 | ഗ്രാന്റ് വിനിയോഗം<br>Written By: Jayalekshmi BK (Senior Grade Auditor, On 03-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-3 |
| 11 | സാമ്പത്തിക വിശകലനം<br>Written By: Jayalekshmi BK (Senior Grade Auditor, On 05-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-4 |
| 12 | പദ്ധതി അവലോകനം<br>Written By: Jayalekshmi BK (Senior Grade Auditor, On 03-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-5 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sreedevi S (Senior Grade Auditor, On 02-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-6 |
| 14 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathakumari M (Audit Officer, On 06-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-7 |
| 15 | പഞ്ചായത്ത് വാങ്ങി നൽകിയ 1,00,000/- രൂപയുള്ള മരുന്നുകൾ സ്റ്റോക്കിലെടുത്തില്ല.<br>Written By: Sreedevi S (Senior Grade Auditor, On 11-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-8 |
| 16 | പാലിയേറ്റീവ് പ്രവർത്തനം സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Sreedevi S (Senior Grade Auditor, On 11-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-9 |
| 17 | സുരക്ഷ പ്രോജക്ട് - സൈക്യാട്രിക് കൗൺസിലർക്ക് അധികമായി | 1-10 |

| | | |
|---|---|---|
| | അനുവദിച്ച വേതനം 11,400/- രൂപ ഈടാക്കേണ്ടതാണ്.<br>Written By: Sreedevi S (Senior Grade Auditor, On 11-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | |
| 18 | പദ്ധതിയിൽ ഉൾപ്പെടുത്താതെ ലാപ്ടോപ് വാങ്ങി - സാധൂകരണം ലഭിച്ചിട്ടില്ല.<br>Written By: Sreedevi S (Senior Grade Auditor, On 02-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-11 |
| 19 | പർച്ചേസ് ചെയ്ത സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല.<br>Written By: Sreedevi S (Senior Grade Auditor, On 02-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-12 |
| 20 | സെക്കന്ററി പാലിയേറ്റീവ് കെയർ – മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Sreedevi S (Senior Grade Auditor, On 02-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-13 |
| 21 | വി.ഇ.ഒ യുടെ പേരിലുള്ള അക്കൌണ്ട് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Jayalekshmi BK (Senior Grade Auditor, On 03-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-14 |
| 22 | IAY പദ്ധതി- ഒറ്റ അക്കൌണ്ട് പരിപാലിക്കേണ്ടതാണ്.<br>Written By: Jayalekshmi BK (Senior Grade Auditor, On 03-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-15 |
| 23 | പട്ടികജാതിവികസന മേഖലയിലെ പ്രോജക്ടുകൾ- നിർവ്വഹണത്തിലെ അപാകത - 4,50,000/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Jayalekshmi BK (Senior Grade Auditor, On 05-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-16 |
| 24 | ഉപയോഗശൂന്യമായ വസ്തുക്കൾ ലേലം ചെയ്തില്ല.<br>Written By: Jayalekshmi BK (Senior Grade Auditor, On 05-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-17 |
| 25 | സ്പിൽ ഓവർ പദ്ധതി നടപ്പാക്കിയില്ല.<br>Written By: Beena.N (Senior Grade Auditor, On 02-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-18 |
| 26 | കറവ പശുക്കൾക്ക് കാലിതീറ്റ (വനിത) പദ്ധതി -അനുബന്ധ രേഖകൾ ഹാജരാക്കിയില്ല.<br>Written By: Beena.N (Senior Grade Auditor, On 02-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-19 |
| 27 | പദ്ധതി പൂർത്തീകരണപത്രം അപാകതകൾ.<br>Written By: Beena.N (Senior Grade Auditor, On 02-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-20 |
| 28 | അംഗനവാടികൾക്ക് വാട്ടർ പ്യൂരിഫൈർ പദ്ധതി - ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല.<br>Written By: Beena.N (Senior Grade Auditor, On 02-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-21 |
| 29 | സ്നേഹ സ്പർശം പദ്ധതി- വിനിയോഗ രേഖകൾ ഹാജരാക്കിയില്ല.<br>Written By: Beena.N (Senior Grade Auditor, On 02-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 19-03-2022) | 1-22 |
| 30 | ക്യാഷ് ബുക്ക് പരിപാലനം - അപാകതകൾ.<br>Written By: Beena.N (Senior Grade Auditor, On 02-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-23 |
| 31 | വാഹനപരിപാലനം-അപാകങ്ങൾ.<br>Written By: Lathakumari M (Audit Officer, On 06-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-24 |
| 32 | താലൂക്ക് ആശുപത്രി വളപ്പിലെ മരം ലേലം-വിശദാംശം ലഭ്യമല്ല.<br>Written By: Lathakumari M (Audit Officer, On 06-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-25 |

| | | |
|---|---|---|
| 33 | വനിതാ തൊഴിൽപരിശീലനകേന്ദ്രം പ്രവർത്തനക്ഷമമല്ല.<br>Written By: Lathakumari M (Audit Officer, On 06-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-26 |
| 34 | ബയോപാർക്ക് അനാഥാവസ്ഥയിൽ<br>Written By: Lathakumari M (Audit Officer, On 06-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-27 |
| 35 | എയ്റോബിക് ബിൻ കംപോസ്റ്റ് യൂണിറ്റ് പ്രവർത്തനക്ഷമമല്ല.<br>Written By: Lathakumari M (Audit Officer, On 06-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-28 |
| 36 | വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.<br>Written By: Lathakumari M (Audit Officer, On 06-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-29 |
| 37 | PMAY പദ്ധതി-തുക കൈപ്പറ്റി വർഷങ്ങൾ കഴിഞ്ഞിട്ടും വീട്ട പൂർത്തിയായില്ല.<br>Written By: Lathakumari M (Audit Officer, On 06-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-30 |
| 38 | PMKSY പദ്ധതി -പൊതു അപാകങ്ങൾ.<br>Written By: Lathakumari M (Audit Officer, On 06-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-31 |
| 39 | ടി.എ.ബിൽ തയ്യാറാക്കാതെ യാത്രാബത്ത നല്കിയിരിക്കുന്നു.<br>Written By: Lathakumari M (Audit Officer, On 06-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-32 |
| 40 | ചിറയിൻകീഴ് താലൂക്ക് ആശുപത്രിയുടെകറണ്ട് ചാർജ്ജ് കുടിശ്ശിക -ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Lathakumari M (Audit Officer, On 06-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-33 |
| 41 | വൌച്ചർ പ്രകാരമുള്ള ചെലവ് സുലേഖ ചെലവു പത്രികയിൽ വന്നിട്ടില്ല.<br>Written By: Lathakumari M (Audit Officer, On 06-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-34 |
| 42 | ആർഎച്ച്സി വക്കത്തിനു വേണ്ടി മെഡിക്കൽ എക്യുപ്മെന്റ്സ് വാങ്ങിയത്- ചെലവ് സംബന്ധിച്ച് വ്യക്തതയില്ല.<br>Written By: Sreedevi S (Senior Grade Auditor, On 07-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-35 |
| 43 | വയോമിത്രം പ്രോജക്ട് - കരാർ നിയമനങ്ങൾക്ക് അംഗീകാരം വാങ്ങിയതിന് രേഖയില്ല.<br>Written By: Sreedevi S (Senior Grade Auditor, On 07-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-36 |
| 44 | വായ്പാബന്ധിത പ്രോജക്ട് - ധനസഹായം വ്യക്തിഗത അക്കൗണ്ടിലേയ്ക്ക് നൽകി.<br>Written By: Sreedevi S (Senior Grade Auditor, On 08-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-37 |
| 45 | അസറ്റ രജിസ്റ്ററിൽ വാഹനങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Lathakumari M (Audit Officer, On 10-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-38 |
| 46 | പാലിയേറ്റീവ് പരിചരണം പ്രോജക്ട് - നിർവ്വഹണം സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധം.<br>Written By: Sreedevi S (Senior Grade Auditor, On 11-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-39 |
| 47 | ക്യാഷ് ബുക്ക്, ബിൽ ബുക്ക് എന്നിവ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Sreedevi S (Senior Grade Auditor, On 12-02-2022)<br>Last Updated By: Shiela Ubald (Joint Director, On 19-03-2022) | 1-40 |
| 48 | ആരോഗ്യഭവനം പ്രോജക്ട് - പർച്ചേസ് ചെയ്ത സാധനങ്ങൾ | 1-41 |

| | | |
|---|---|---|
| | സ്റ്റോക്കിലെടുത്തില്ല.<br>Written By: Sreedevi S (Senior Grade Auditor, On 11-02-2022)<br>Last Updated By: Shiela Ubald (Joint Director, On 19-03-2022) | |
| 49 | ക്യാൻസർ രോഗനിർണയ ക്യാമ്പ് - ചെലവിനാധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Sreedevi S (Senior Grade Auditor, On 11-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-42 |
| 50 | ബഡ്സ് റിഹാബിലിറ്റേഷൻ പ്രോജക്ട് - സ്പീച്ച് തെറാപ്പിസ്റ്റിന്റെ നിയമനം സംബന്ധിച്ച്.<br>Written By: Sreedevi S (Senior Grade Auditor, On 11-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 1-43 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | സുരക്ഷ പ്രോജക്ട് - സൈക്യാട്രിക് കൗൺസിലർക്ക് അധികമായി അനുവദിച്ച വേതനം 11,400/- രൂപ ഈടാക്കേണ്ടതാണ്.<br>Written By: Sreedevi S (Senior Grade Auditor, On 05-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayalekshmi BK (Senior Grade Auditor, On 05-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Lathakumari M (Audit Officer, On 19-03-2022)<br>Last Updated By: Lathakumari M (Audit Officer, On 19-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Jayalekshmi BK (Senior Grade Auditor, On 06-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jayalekshmi BK (Senior Grade Auditor, On 05-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 06-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jayalekshmi BK (Senior Grade Auditor, On 06-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Jayalekshmi BK (Senior Grade Auditor, On 06-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 4-7 |
| 8 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jayalekshmi BK (Senior Grade Auditor, On 06-02-2022)<br>Last Updated By: Shiela Ubald (Joint Director, On 19-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayalekshmi BK (Senior Grade Auditor, On 06-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jayalekshmi BK (Senior Grade Auditor, On 06-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-03-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ബ്ലോക്ക്പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് 28.02.2019 ലെ ജനറൽ കമ്മിറ്റി സാധാരണയോഗം 1(1)-ാം നമ്പർ തീരുമാനപ്രകാരം അഗീകരിച്ചു.

ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് - ചെലവുകൾ ചുവടെപ്പറയും പ്രകാരമാണ്.

| | |
|---|---|
| മുന്നിരിപ്പ് | 63,36,326/- |
| പ്രതീക്ഷിത വരവ് | 76,34,01,805/- |
| ആകെ | 76,97,38,131/- |
| പ്രതീക്ഷിത ചെലവ് | 73,12,48,631/- |
| നീക്കിയിരിപ്പ് | 3,84,89,500/- |

### 1-1-1 ബജറ്റ് രൂപീകരണം - അപാകതകൾ

ബജറ്റ് ശുപാർശ, രൂപീകരണം എന്നിവ ഉൾപ്പെട്ട 2019-20 വർഷത്തെ ബജറ്റ് ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കൂടാതെ വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ട താഴെപ്പറയുന്ന പ്രധാന രേഖകളും ലഭ്യമാക്കിയിട്ടില്ല.

എ) ബജറ്റ് പ്രസംഗം

ബി) ബജറ്റ് കുറിപ്പുകൾ

സി) ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

ഡി) പെർഫോമൻസ് ബജറ്റ്

തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകൾ (കറണ്ട് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലഫോൺ, ഇന്റർനെറ്റ്, ചാർജ്) തുടങ്ങിയ ഓഫീസ് ചെലവുകളുടെ ആവശ്യകത പട്ടിക രൂപത്തിൽ തയ്യാറാക്കി നൽകിയതും പരിശോധനയ്ക്ക് നൽകിയിട്ടില്ല.

വാർഷിക ബജറ്റ് ഫങ്ഷൻ ഫങ്ഷനറി അക്കൗണ്ട് കോഡ് അടിസ്ഥാനത്തിൽ തയ്യാറാക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യുവാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.01/22.01.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം അപാകതകൾ അടുത്ത വർഷത്തെ ബജറ്റിൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും ബജറ്റ് ഡബിൾ എൻട്രി സമ്പ്രദായത്തിൽ തയ്യാറാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. നടപടിക്രമങ്ങൾ പൂർണമായും പാലിച്ചുകൊണ്ടാണ് ബജറ്റ് തയ്യാറാക്കിയതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 18.06.2020 | - | - |

വാർഷികധനകാര്യപത്രിക പരിശോധനയിൽ കണ്ട അപാകതകൾ

1. Income & Expenditure Statement പ്രകാരമുള്ള ആകെ ചെലവ്(47293867) ആകെ വരുമാനത്തെക്കാൾ(46595558) കൂടിനിൽക്കുന്നു.

2. ജനറൽ പർപ്പസ് ഗ്രാന്റ്- വരവ് വാർഷികധനകാര്യപത്രിക പ്രകാരമുള്ളതും(3170756), എ.സി.ആർ. പ്രകാരമുള്ളതും(3346512 ) പൊരുത്തപ്പെടുന്നില്ല.

ജനറൽ പർപ്പസ് ഗ്രാന്റ് രണ്ട് ഗഡുക്കളുടെ ബിൽ ട്രഷറിയിൽ കൊടുത്തുവെങ്കിലും പ്രസ്തുത തുക 31.03.2020 നുള്ളിൽ ട്രഷറിയിൽ നിന്ന് ട്രാൻസ്ഫർ ചെയ്ത് കിട്ടിയില്ല എന്നാണ് മറുപടി നൽകിയിട്ടുള്ളത്.

3. ലോൺരജിസ്റ്റർ പ്രകാരം ഇടക്കോട് എസ്.സി.ബിയിൽ നിന്നും എടുത്ത IAY ലോൺ തിരിച്ചടയ്ക്കാനുള്ള ബാലൻസ് തുക 2019-20 ൽ 11394147/- രൂപയാണ്. എന്നാൽ വാർഷികധനകാര്യപത്രികയിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല.

മുൻവർഷങ്ങളിലെ വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്താത്തതിനാലാണ് തൻവർഷവും രേഖപ്പെടുത്താത്തതെന്നാണ് മറുപടി ലഭ്യമാക്കിയത്. ലോൺ വിവരം കൃത്യമായി ധനകാര്യപത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

4. RP-36 പ്രകാരം Other Creditors Control Account, Other Liabilities ഇനങ്ങളിൽ യഥാക്രമം 670850, 578205 എന്നിങ്ങനെ തുക ചെലവഴിച്ചിട്ടുണ്ട്. ഇത് ഏത് ഇനത്തിൽ ചെലവഴിച്ചതെന്ന് വിശദമാക്കിയിട്ടില്ല

5. RP-31 പ്രകാരം ലഭിച്ച വിവിധ ഗ്രാന്റ് തുകകൾ (3564866/-), RP-7 പ്രകാരമുള്ള 'Other Revenue Grant' (9541/-) എന്നീ വരവുകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

6. B-18 Schedule പ്രകാരം കേരളവാട്ടർ അതോറിറ്റിക്ക് നൽകിയ 734586/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതായി രേഖപ്പെടുത്തിയിരിക്കുന്നു. മുൻവർഷ ബാലൻസ് ഷീറ്റിലും ആയത് ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത തുക ഏത് വർഷത്തെ പ്രോജക്ട് പ്രകാരം നൽകിയതാണെന്നും, നിലവിൽ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടോ എന്നുള്ള വിവരവും ലഭ്യമാക്കിയിട്ടില്ല.

7. എം.എൻ.ആർ.ഇ.ജി.എസ്- അഡ്മിനിസ്ട്രേറ്റീവ് വരവ്-ചെലവ് കണക്കുകൾ വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

പ്രസ്തുത കണക്കുകൾ പ്രത്യേക ഓഡിറ്റ് നടത്തുന്നുണ്ടെന്നാണ് വിശദീകരണം. ആയത് അംഗീകരിക്കാവുന്നതല്ല.

8. ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ B-11 പ്രകാരം ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയതിന്റെ കൃത്യത വ്യക്തമല്ല

9. സംയുക്ത പ്രോജക്ട്- ചെലവ് വിവരം സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

10. വാർഷികധനകാര്യപത്രിക പ്രകാരം സംയുക്ത പദ്ധതിക്കായുള്ള ഫണ്ട് വരവ്, ചെലവ്, നീക്കിയിരുപ്പ് പൊരുത്തപ്പെടുന്നില്ല.

| | മുന്നിരുപ്പ് (എ.എഫ്.എസ് പ്രകാരം) | വരവ് (എ.എഫ്.എസ് പ്രകാരം) | ചെലവ് (സുലേഖ ചെലവ് പത്രിക പ്രകാരം) | നീക്കിയിരുപ്പ് (എ.എഫ്.എസ് പ്രകാരം) |
|---|---|---|---|---|
| വില്ലേജ് പഞ്ചായത്ത് വിഹിതം | 0 | 480000 | 0 | 636050 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 8746134 | 0 | 0 | 7036253 |

11. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വാർഷികധനകാര്യ പത്രിക പ്രകാരമുള്ള വിവിധ ഡെപ്പോസിറ്റ് തുകകളുടെ(EMD, Other Deposit, Deposit Received From Others) കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കി എന്നാണ് മറുപടി നൽകിയത്. എന്നാൽ ചെക്ക് വിവരങ്ങൾ രേഖപ്പെടുത്തുന്ന സെക്യൂരിറ്റി രജിസ്റ്ററാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്.

12. ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ ഉള്ള വാഹനങ്ങൾ വാർഷികധനകാര്യപത്രിക പ്രകാരമുള്ള ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല

13. സാമ്പത്തിക വർഷാന്ത്യത്തിൽ ബ്ലോക്ക്പഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2-1 അക്കൌണ്ട് വിവരം വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

I. 6.11.2019 ലെ ഭരണസമിതി പ്രകാരം(തീരുമാനം നം: 5- 2) ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന പി.എം.കെ.എസ്.വൈ. പദ്ധതിക്ക് വേണ്ടി തിരുവനന്തപുരം ജില്ല ദാരിദ്ര്യ ലഘൂകരണ ഓഫീസിൽ നിന്നും ലഭിച്ച് Pmksy Other Interventon അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 40936 ') നിക്ഷേപിച്ച40 ലക്ഷം രൂപpmksy പ്രോഗ്രാം ഫണ്ടിലേയ്ക്ക് (അക്കൌണ്ട് നം 1600 ലേക്ക്) മാറ്റി നിക്ഷേപിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി

തീരുമാനിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത അക്കൌണ്ടുകൾ വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ആയതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നം.45) ലഭ്യമാക്കിയിട്ടില്ല.

II. രജിസ്റ്റർ പ്രകാരം ആരോഗ്യകേരളം പദ്ധതിക്കായി കാനറബാങ്ക് കടക്കാവൂർ ശാഖയിൽ അക്കൌണ്ട് നിലവിലുണ്ട് (A/C No. 40092200096475). എന്നാൽ പ്രസ്തുത അക്കൌണ്ട് വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2-2 അക്കൌണ്ടുകളുടെ റീകൺസിലിയേഷൻ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

സാംഖ്യയിൽ അക്കൌണ്ടുകളുടെ റീകൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. RP-40(b) പ്രകാരമുള്ള 8 അക്കൌണ്ടുകളിൽ 2 എണ്ണത്തിന്റെ(IOB-60529, Canara Bank IAY 29238) നീക്കിയിരിപ്പ് പരിശോധിക്കാനാവശ്യമായ രേഖകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ആയതിനാൽ മറ്റ് അക്കൌണ്ടുകളുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

എന്നാൽ റീകൺസിലിയേഷൻ നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ടെന്നാണ് മറുപടി (ഓഡിറ്റ് എൻക്വയറി 2-നുള്ള മറുപടി) നൽകിയത്. IOB-IAY ,IOB- Sarkara- 3873, IOB-Anoopara(IWMP) എന്നീ അക്കൌണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ്, IDBI Attingal (PMAY) 47287 അക്കൌണ്ടിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്, Syndicate Bank IAY 95975 അക്കൌണ്ടിന്റെ ബാങ്ക്ബുക്ക്, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. മേൽപ്പറഞ്ഞ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-2-3 അക്കൌണ്ടുകളിലെ വരവ്-ചെലവുകൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല.

1. ചെലവ് രേഖപ്പെടുത്താൻ സാംഖ്യ പേയ്മെന്റ് വൌച്ചർ ഉപയോഗിക്കുന്നില്ല.

വൌച്ചറിന്റെ പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നില്ലായെന്നും, ചെക്ക് ഇഷ്യൂരജിസ്റ്ററിൽ വൌച്ചർ നം. ചുവപ്പുമഷിയിൽ രേഖപ്പെടുത്തുന്നുവെന്നുമാണ് വിശദീകരണം. തുടർവർഷങ്ങളിൽ സാംഖ്യാവൌച്ചർ കൃത്യമായി സൂക്ഷിക്കേണ്ടതാണ്

2. വരവുകൾ കൃത്യമായി ബാങ്ക്ബുക്കിൽ രേഖപ്പെടുത്തുന്നില്ല. ഉദാ. സാമ്പത്തിക വർഷം ആരംഭം മുതൽ വന്ന വരവുകൾ ബാങ്ക്ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത് 03/2022 നാണ് (സാമ്പത്തികവർഷം അവസാനം)

സെർവർ പ്രശ്നമുണ്ടായിരുന്നതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്ന് മറുപടി ലഭ്യമാക്കി. (ഓഡിറ്റ് എൻക്വയറി 3-നുള്ള മറുപടി)

3. വരവുകൾ അതാത് സമയം പോസ്റ്റ്ചെയ്യാതെ വിവിധ വരവുകൾ ഒന്നിച്ച് പോസ്റ്റ് ചെയ്യുന്ന രീതിയാണ് തുടരുന്നത്. ട്രഷറി റ്റി.എസ്.ബി അക്കൌണ്ട് ബാങ്ക്സ്റ്റേറ്റ്മെന്റ് പ്രകാരം സാമ്പത്തിക വർഷത്തെ ആകെ വരവ്-4643398/- രൂപയാണ്. എന്നാൽ ബാങ്ക്ബുക്ക് പ്രകാരം ആകെ വരവ്- 5233102/- രൂപയാണ്.

അപാകത വിശദമാക്കേണ്ടതാണ്

## 1-2-4 ഗുണഭോക്തൃവിഹിതം- ചെലവഴിക്കാത്തതുക തിരികെ നൽകേണ്ടതാണ്.

ഗുണഭോക്തൃവിഹിതമിനത്തിൽ മുൻവർഷ ബാലൻസ് ഷീറ്റ് പ്രകാരം നീക്കിയിരിപ്പുള്ള 26,250/- രൂപ തൻവർഷവും നീക്കിയിരിപ്പുണ്ട്. ഇത് ഏത് വർഷം ലഭിച്ച തുകയാണ്. ചെലവഴിച്ചില്ലായെങ്കിൽ തിരികെ നൽകാത്തതിന് കാരണം എന്നിവ വിശദമാക്കാനാവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നം.3) മറുപടി നൽകിയില്ല. തുക ഏത് പ്രോജക്റ്റിലേക്കായി ഈടാക്കിയതെന്ന് വ്യക്തമാക്കേണ്ടതും, ചെലവഴിക്കാത്ത തുക തിരികെ നൽകേണ്ടതുമാണ്.

## 1-2-5 അഡ്വാൻസ് നൽകിയതിന് ക്രമീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

വാർഷിക ധനകാര്യപത്രിക പ്രകാരം Tour TA Advance ഇനത്തിൽ 5000/- രൂപയും, Advance To Implementing Officer ഇനത്തിൽ 164000/- രൂപയും നൽകിയിട്ടുണ്ട്. പ്രസ്തുത തുക നൽകിയതിന്റേയും ക്രമീകരിച്ചതിന്റേയും രേഖകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം.3) Tour TA Advance ഇനത്തിൽ 5000/- രൂപ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് പഞ്ചായത്ത് ഡേ സെലിബ്രേഷന് വയനാട് പോകുവാൻ അനുവദിച്ച റ്റി.എ ആണ് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ആയത് ക്രമീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കായിട്ടില്ല. 164000/- രൂപ മുൻകൂർ നൽകിയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

മേൽപ്പറഞ്ഞ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-2-6 വിവിധ ഡൊണേഷൻ തുക ഒടുക്കിയതിന്റെ വിവിരം ലഭ്യമാക്കേണ്ടതാണ്.

1. CMDRF Donation ഇനത്തിൽ 1,30,150/- രൂപ കളക്ട് ചെയ്തത് ഒടുക്കിയതായി വാർഷികധനകാര്യപത്രികയിൽ കാണുന്നു. പ്രസ്തുത തുക ദുരിതാശ്വാസനിധിയിലേക്ക് അടവാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

2. Flood Donation ഇനത്തിൽ 34,000/- രൂപ ചെലവഴിച്ചതായി വാർഷികധനകാര്യപത്രികയിൽ കാണുന്നു. തുക കളക്ട് ചെയ്ത് തിരച്ചടച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ഡൊണേഷനുകൾ കളക്ട് ചെയ്ത് തിരിച്ചടച്ചതിന്റെ കൃത്യമായ വിവരവും, അനുബന്ധരേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

I. 2019-20വർഷത്തെ എ.സി.ആർ. പ്രകാരം പ്ലാൻഫണ്ട് ലഭിച്ചതിന്റേയും, ചെലവഴിച്ചതിന്റേയും വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 40780755 | 23533149 | 17247606 |
| വികസന ഫണ്ട് (SCP) | 22507000 | 13034007 | 9472993 |
| വികസന ഫണ്ട് (TSP) | 154000 | 0 | 154000 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 5405000 | 2740298 | 2664702 |

മേൽ പ്രകാരം ഫണ്ട് പൂർണമായും ചെലവഴിക്കാതെ അവശേഷിക്കാനുണ്ടായ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നം.12) മറുപടി ലഭ്യമാക്കിയില്ല. ഫണ്ടുകൾ ചെലവഴിക്കാത അവശേഷിക്കാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്.

II. മേഖലാവകയിരുത്തൽ- അപാകതകൾ

1. വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം. 11/2018/തസ്വഭവ തീയതി. 29.01.2018) ഖ. 5.4.1(10) പ്രകാരം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയിൽ നിന്നും ഏറ്റവും കുറഞ്ഞത് 10% വനിതാഘടക പദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. വനിതാഘടക പദ്ധതിക്കായി വകയിരുത്തിയതിന്റെ 49% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ.
2. ജൈവഗ്രാമം സന്തുഷ്ടഗ്രാമം- വാഴകൃഷി വികസം, കിഴങ്ങുവർഗ്ഗകൃഷി വികസനം, തരിശുനെൽകൃഷി, പ്രത്യേക കന്നുകട്ടി പരിപാലനം, ബ്ലോക്ക് ഓഫീസ് കോമ്പൌണ്ടിനുള്ളിൽ ഭിന്നശേഷിക്കാർക്കുള്ള ടോയലെറ്റ് ബ്ലോക്ക് നിർമ്മാണം എന്നീ പ്രോജക്ടുകൾ വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

3. മാർഗ്ഗരേഖ ഖ. 6.1, 6.2 എന്നിവ പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ ഉപപദ്ധതിവിഹിതം പാഴാക്കാനോ, വകമാറ്റിചെലവഴിക്കാനോ പാടില്ല എന്നിരിക്കെ ബജറ്റ് പ്രകാരം പട്ടികജാതി ഉപപദ്ധതിക്കായി ലഭിച്ച 42% തുകയും, പട്ടികവർഗ്ഗഉപപദ്ധതിക്കായി ലഭിച്ച മുഴുവൻ തുകയും പാഴായിരിക്കുന്നു.

4. ഖണ്ഡിക 5.4.1(6) പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ പൊതുവിഭാഗം വികസനഫണ്ടിന്റെ സാധാരണവിഹിതത്തിൽ നിന്നും 25 ശതമാനത്തിൽ അധികം തുക പശ്ചാത്തലമേഖലയ്ക്ക് വകയിരുത്തുവാൻ പാടില്ല. വകയിരുത്താവുന്ന പരമാവധി തുക 82,70,800/- രൂപയാണെന്നിരിക്കെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 9838512/- രൂപ വകയിരുത്തിയിരിക്കുന്നു

5. ഖണ്ഡിക 5.4.1(9) ബ്ലോക്ക്പഞ്ചായത്തുകൾ പട്ടികജാതി ഉപപദ്ധതി വിഹിതത്തിന്റെ 30% ൽ അധികം തുക പശ്ചാത്തലമേഖലയ്ക്ക് വകയിരുത്താൻ പാടുള്ളതല്ല. ഇപ്രകാരം കണക്കാക്കുമ്പോൾ വകയിരുത്താവുന്ന പരമാവധി തുക 67,52,100/- രൂപയാണ്.എന്നാൽ 70,87,320/- രൂപ വകയിരുത്തിയിരിക്കുന്നു.
6. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം മേഖലാ വകയിരുത്തലുകളിലെ ചെലവ് ശതമാനം ചുവടെ ചേർക്കുന്നു. ഇതിൽ പട്ടികവർഗ്ഗം സേവനമേഖലയിൽ ചെലവ് ശതമാനം പൂജ്യം ആണ്. പശ്ചാത്തലമേഖലയിൽ വകയിരുത്തിയതിന്റെ നാലിലൊന്ന് പോലും ചെലവില്ല.

| ഫണ്ടിനം | മേഖല | വകയിരുത്തിയതുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| പൊതു വിഭാഗം | ഉല്പാദനം | 10699960 | 5933609 | 55 |

| | | | | |
|---|---|---|---|---|
| | സേവനം | 24490610 | 16599219 | 68 |
| | പശ്ചാത്തലം | 9838512 | 1000321 | 10 |
| പട്ടിക ജാതി വിഭാഗം | ഉല്പാദനം | 710000 | 502930 | 71 |
| | സേവനം | 16599219 | 10989749 | 66 |
| | പശ്ചാത്തലം | 7087320 | 1541328 | 22 |
| പട്ടികവർഗ്ഗ വിഭാഗം | സേവനം | 154000 | 0 | 0 |

അപാകതകൾക്ക് വ്യക്തതവരുത്തേണ്ടതാണ്.

III. മറ്റ് ഏജൻസികളിൽ നിന്നും ലഭ്യമാക്കി ചെലവാക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുകകൾ.

B-4 Schedule പ്രകാരം 1,11,46,337/- രൂപ മറ്റ് ഏജൻസികളിൽ നിന്ന് ലഭ്യമായി ചെലവഴിക്കാത്ത ബാധ്യതയായി നിലനിൽക്കുന്നു. ആയത് ചെലവഴിച്ചിട്ടില്ലായെങ്കിൽ അതാത് ഏജൻസികൾക്ക് തിരികെ നൽകേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,91,65,367.00 |
| വരവ് | 4,79,86,612.00 |
| ആകെ | 6,71,51,979.00 |
| ചെലവ് | 5,42,99,924.00 |
| നീക്കിയിരുപ്പ് | 1,28,52,055.00 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ചെലവ് ശതമാനം |
|---|---|---|---|---|---|
| 102 | 89971461 | 59 | 40269376 | 43 | 45% |

2019-20 സാമ്പത്തികവർഷം ചുവടെ ചേർക്കുന്ന നിർവ്വഹണോദ്യോഗസ്ഥർ തുക വകയിരുത്തിയതിന്റെ പകുതിയിൽ കുറവാണ് ചെലവഴിച്ചിട്ടുള്ളത്.

| നിർവ്വഹണോദ്യോഗസ്ഥൻ | ചെലവ് ശതമാനം | നിർവ്വഹണോദ്യോഗസ്ഥന്റെ വിശദീകരണം |
|---|---|---|
| അസി. എക്സി.എൻജിനീയർ | 14% | ക്യൂബില്ലായതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്ന് മറുപടി നൽകി |
| കൃഷി അസി. ഡയറക്ടർ | 22% | ക്യൂബില്ലായതിനാലും, സംയുക്ത പദ്ധതിയായ കിണർറീചാർജിംഗ് എന്ന പ്രവൃത്തിക്ക് മതിയായ ഗുണഭോക്താക്കളെ ലഭിക്കാത്തതിനാലുമാണ് ചെലവുശതമാനം കുറവ് വന്നതെന്ന് മറുപടി നൽകി |
| വ്യവസായവികസന ഓഫീസർ | 37% | മറുപടി ലഭ്യമാക്കിയില്ല |
| പട്ടികജാതി വികസന ഓഫീസർ | 39% | |
| മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ | 49% | |

ക്യൂബില്ലാകുന്ന സാഹചര്യം ഒഴിവാക്കാൻ സാമ്പത്തികവർഷാവസാനം വരെ കാത്തിരിക്കാതെ സമയബന്ധിതമായി പ്രോജക്ട് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മറുപടി ലഭ്യമാക്കാത്ത നിർവ്വഹണോദ്യോഗസ്ഥരിൽ നിന്നും വിശദീകരണം

ലഭ്യമാക്കേണ്ടതാണ്.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് |
|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.02.2019 മുതൽ 13.02.2019 വരെ | 2018-19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.12.19 മുതൽ 23.12.19 വരെ | 2014-15 മുതൽ 2018-19 വരെ |

## 1-7 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്.ആയതിന്റെ വിശദാംശം വിവിധ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1.വി.ഇ.ഒ യുടെ പേരിലുള്ള അക്കൗണ്ട് വിവരങ്ങൾ ലഭ്യമല്ല.
2.വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ ലാപ്ടോപ് വാങ്ങി
3.അക്കൌണ്ടുകളുടെ റീകൺസിലിയേഷൻ രേഖകൾ ലഭ്യമാക്കിയിട്ടില്ല
4.അക്കൌണ്ടുകളിലെ വരവ്-ചെലവുകൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല.
5.അഡ്വാൻസ് നൽകിയത് ക്രമീകരിച്ചതിന്റെ രേഖകൾലഭ്യമാക്കിയിട്ടില്ല.
6.വിവിധ ഡൊണേഷൻ തുക ഒടുക്കിയതിന്റെ വിവരംലഭ്യമാക്കിയിട്ടില്ല.
7.PMKSY_അക്കൌണ്ട് വിവരം വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല
മേല്പറഞ്ഞ അപാകങ്ങൾ പരിഹരിക്കാൻ ജനറൽ കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്,

## 1-8 പഞ്ചായത്ത് വാങ്ങി നൽകിയ 1,00,000/- രൂപയുള്ള മരുന്നുകൾ സ്റ്റോക്കിലെടുത്തില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 ലെ വൗച്ചർ നം. 132/19-20 പ്രകാരം ചിറയിൻകീഴ് താലൂക്ക് ആശുപത്രിയ്ക്കു വേണ്ടി സുരക്ഷ പദ്ധതിയുടെ ഭാഗമായി മരുന്ന വാങ്ങിയതിന് 1,00,000/- രൂപ സപ്ലൈകോ മാവേലി മെഡിക്കൽ സ്റ്റോർ, ചിറയിൻകീഴിന് അനുവദിച്ചിരിക്കുന്നു. പ്രൊഫോർമ ഇൻവോയിസ് ആണ് വൗച്ചറിനോടൊപ്പം ചേർത്തിട്ടുള്ളത്. പർച്ചേസിന്റെ ഫൈനൽ ബിൽ ഹാജരാക്കിയിട്ടില്ല. കൂടാതെ ലഭ്യമായ മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ, ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് നൽകിയിട്ടില്ല. ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററുകളിലൊന്നും തന്നെ ടി മരുന്നുകൾ വരവ് ചേർത്തിട്ടുള്ളതായി കാണുന്നില്ല. മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 43/31.01.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് വാങ്ങി നൽകിയ 1,00,000/- രൂപയുള്ള മരുന്നുകളുടെ വരവ്/ഉപയോഗം സംബന്ധിച്ച് വ്യക്തത നൽകേണ്ടതും മരുന്നുകൾ സ്റ്റോക്കിലെടുക്കാത്തതിന് വിശദീകരണം നൽകേണ്ടതുമാണ്.

## 1-9 പാലിയേറ്റീവ് പ്രവർത്തനം സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായുള്ള മാർഗരേഖ സ.ഉ(സാധാ)നം 3217/2015/തസ്വഭവ, 29.10.2015 പ്രകാരം താഴെപ്പറയും പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

ഖ.2.4.2 - പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ടുകൊണ്ടു പോകുന്നതിനായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി ഓരോ പഞ്ചായത്തും രൂപീകരിക്കേണ്ടതാണ്. എല്ലാ മാസവും 5 ാം തീയതിക്കുമുമ്പായി ഈ കമ്മിറ്റി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്.

ഖ. 2.6.2(7)- എല്ലാ ഹോംകെയർ യൂണിറ്റുകളും നിർദ്ദേശിക്കപ്പെട്ട മാതൃകയിലുള്ള ഒരു " ഹോം കെയർ പ്ലാനിംഗ് രജിസ്റ്റർ" (ഹോംകെയർ ആവശ്യമായ രോഗികളുടെ സന്ദർശിക്കേണ്ട ഇടവേളകളും റൂട്ടും കണക്കിലെടുത്ത് ഹോംകെയർ പ്ലാൻ ചെയ്യുന്ന രജിസ്റ്റർ) സൂക്ഷിക്കേണ്ടതാണ്.

ഖ. 2.6.3(5)- ഗൃഹസന്ദർശന വിവരങ്ങൾ (സന്ദർശിച്ച വീടുകൾ, പങ്കെടുത്തവരുടെ ഹാജർ, ചെലവ് മുതലായവ) അനുബന്ധം 3 മാതൃകയിലുള്ള ഫോറത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

ഖ. 2.6.15- പാലിയേറ്റീവ് കെയർ പരിചരണ യൂണിറ്റിന്റെ/തദ്ദേശഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഈ രംഗത്ത് നടക്കുന്ന പ്രധാന പ്രവർത്തനങ്ങൾ (ഹോംകെയർ, ഒ.പി ക്ലാസ്സുകൾ, പരിശീലനങ്ങൾ, ദിനാചരണങ്ങൾ, വാർഷികം മുതലായവ) രേഖപ്പെടുത്തി വയ്ക്കുന്നതിന് ഒരു " ഇവന്റ്സ് ഡയറി" എഴുതി സൂക്ഷിക്കേണ്ടതാണ്.

ഖ. 2.7.5- പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ ഇനം തിരിച്ചുള്ള വരവുകളും ചെലവുകളും പ്രത്യേക വരവ് ചെലവ്

കണക്ക് പുസ്തകത്തിൽ പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ എഴുതി സൂക്ഷിക്കേണ്ടതാണ്.

ഖ. 2.11.1- മേൽ വിവരിച്ച പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പി.എം.സി യുടെ ആഭ്യമുഖ്യത്തിൽ തദ്ദേശഭരണ സ്ഥാപനത്തിൽ വച്ച് ഓരോ മാസത്തിലും അവലോകനയോഗങ്ങൾ നടത്തേണ്ടതാണ്. ഓരോ അവലോകനയോഗത്തിലും മുൻമാസം നടന്ന പ്രവർത്തനങ്ങളുടെ എഴുതി തയ്യാറാക്കിയ റിപ്പോർട്ട് (നിർദ്ദേശിക്കപ്പെട്ട പ്രകാരമുള്ള റിവ്യൂ മീറ്റിംഗ് റിപ്പോർട്ട് ബുക്കിലാണ് ഇത് എഴുതേണ്ടത്). യോഗത്തിന്റെ അജണ്ട, ഹാജർ, മിനിട്സ് എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

എന്നാൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ മേൽ പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 44/31.01.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പാലിയേറ്റീവ് പ്രവർത്തനം സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും അടിസ്ഥാനത്തിൽ സംഘടിപ്പിക്കുവാൻ ഭരണസമിതിയും നിർവഹണ ഉദ്യോഗസ്ഥനും ശ്രദ്ധിക്കേണ്ടതാണ്.

## 1-10 സുരക്ഷ പ്രോജക്ട് - സൈക്യാട്രിക് കൗൺസിലർക്ക് അധികമായി അനുവദിച്ച വേതനം 11,400/- രൂപ ഈടാക്കേണ്ടതാണ്.

| | |
|---|---|
| പദ്ധതിയുടെ പേര് | സാമൂഹിക മാനസിക ആരോഗ്യപരിപാടി (സുരക്ഷ) |
| പദ്ധതി നമ്പർ | 18/20 |
| പദ്ധതി അടങ്കൽ | 6,24,807/- (വികസന ഫണ്ട് പൊതു വിഭാഗം) |
| പദ്ധതി ചെലവ് | 4,82,170/- (വികസന ഫണ്ട് പൊതു വിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |

സുരക്ഷ പ്രോജക്ടിന്റെ ഭാഗമായി താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള സൈക്യാട്രിക് കൗൺസിലർക്ക് വിവിധ മാസങ്ങളിൽ 15,000/- രൂപ വേതനം നൽകിയിരിക്കുന്നതായി കാണുന്നു. എല്ലാ ബില്ലുകളോടൊപ്പവും മസ്റ്റർ റോൾ/അറ്റൻഡൻസ് ഷീറ്റ് ഉൾപ്പെടുത്തിയിട്ടില്ല. ചില ബില്ലുകളോടൊപ്പം ഉൾപ്പെടുത്തിയിട്ടുള്ള അറ്റൻഡൻസ് ഷീറ്റ് പരിശോധിച്ചതിൽ സൈക്യാട്രിക് കൗൺസിലർക്ക് പല മാസങ്ങളിലും അർഹമായതിൽ കൂടുതൽ വേതനം നൽകിയിരിക്കുന്നതായി കാണുന്നു. വിശദവിവരം ഖണ്ഡിക നം.3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-11 പദ്ധതിയിൽ ഉൾപ്പെടുത്താതെ ലാപ്ടോപ് വാങ്ങി - സാധൂകരണം ലഭിച്ചിട്ടില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | അഞ്ചുതെങ്ങ് സി.എച്ച്.സി - കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| പദ്ധതി നമ്പർ | 73/20 |
| പദ്ധതി അടങ്കൽ | 95,000/- (റോഡിതര മെയിന്റനൻസ് ഫണ്ട്) |
| പദ്ധതി ചെലവ് | 94,573/- (റോഡിതര മെയിന്റനൻസ് ഫണ്ട്) |
| ബിൽ നം./തീയതി | 13/05.12.19- തുക 67,203/-<br>22/13.03.20- തുക 27,370/- |
| നിർവഹണഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ഹോസ്പിറ്റൽ |

അഞ്ചുതെങ്ങ് സി.എച്ച്.സി യ്ക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളായ പ്രിന്റർ, LCD Projector എന്നിവയും Medicine Rack ഉം വാങ്ങുന്നതിനാണ് പ്രോജക്ട് വെച്ചത്. ക്വട്ടേഷൻ മുഖേന പ്രസ്തുത സാധനങ്ങൾ പർച്ചേസ് ചെയ്തതിന് ട്രഷറി ബിൽ നം. 03/31.10.19 പ്രകാരം 67,203/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇത് കൂടാതെ ക്വട്ടേഷൻ മുഖേന H.R Associates എന്ന സ്ഥാപനത്തിൽ നിന്നും 27,370/- രൂപ ചെലവഴിച്ച് ഒരു ലാപ്ടോപ്പ് കൂടി വാങ്ങിയിരിക്കുന്നു. പ്രോജക്ടിൽ ഉൾപ്പെടുത്താത്ത സാധനം അധിക പർച്ചേസ് നടത്തിയതിന് പദ്ധതി അംഗീകാരം വാങ്ങിയിട്ടില്ല. ആയത് സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 04/24.01.20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികപർച്ചേസ് നടത്താനുണ്ടായ സാഹചര്യം, ആയതിനെ സാധൂകരിക്കുന്ന കമ്മിറ്റി തീരുമാനം എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-12 പർച്ചേസ് ചെയ്ത സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | സർക്കാർ ആശുപത്രികൾക്ക് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ |
| പദ്ധതി നമ്പർ | 81/20 |
| പദ്ധതി അടങ്കൽ | 4,00,000/- (റോഡിതര മെയിന്റനൻസ് ഫണ്ട്) |
| പദ്ധതി ചെലവ് | 3,76,388/- (റോഡിതര മെയിന്റനൻസ് ഫണ്ട്) |
| നിർവഹണഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ഹോസ്പിറ്റൽ |

പദ്ധതിയുടെ ഭാഗമായി സി.എച്ച്.സി. അഞ്ചുതെങ്ങ്, ആർ.എച്ച്.സി. വക്കം എന്നിവിടങ്ങളിലെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളാണ് നടത്തിയിട്ടുള്ളത്. വിവിധ ചെലവുകളുമായി ബന്ധപ്പെട്ട ബില്ലുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കും പ്രകാരം പർച്ചേസ് ചെയ്ത സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പർച്ചേസ് ചെയ്ത ഇനം | വില | ട്രഷറി ബിൽ നം./തീയതി | ആകെ ബിൽ തുക |
|---|---|---|---|---|
| 1 | ലോഗ് ബുക്ക് | 224 | 01/25.05.19 | 62982 |
| 2 | ലോഗ് ബുക്ക് | 283 | | |
| 3 | ലോക്ക് | 400 | 07/30.08.19 | 73076 |
| 4 | എൽഇഡി ലൈറ്റ്സ് | 600 | | |
| 5 | Polytheline Barcode Printed Bags | 2987 | 11/16.12.19 | 556067 |
| 6 | UPS | 1900 | | |
| 7 | Polytheline Barcode Printed Bags | 1493 | 15/05.12.19 | 40651 |
| 8 | Dell USB Key Board | 500 | 18/20.2.20 | 40651 |
| 9 | Dell USB Mouse | 300 | | |

ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററുകളിൽ ഒന്നും തന്നെ മേൽപ്പറഞ്ഞ സാധനങ്ങളുടെ വരവ് രേഖപ്പെടുത്തിയിട്ടില്ല. ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററുകൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 9/24.01.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞവ സ്റ്റോക്കിലെടുക്കാത്തത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

## 1-13 സെക്കന്ററി പാലിയേറ്റീവ് കെയർ – മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

1. സ.ഉ (സാധാ) നം. 3217/2015/തസ്വഭവ, തീ. 29.10.15, പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ ഖ. 2.6.5 (1) പ്രകാരം ഹോം കെയർ ടീമിനു വേണ്ടി അനുവദിക്കുന്ന വാഹനങ്ങളുടെ ഇന്ധനചെലവിനോ ഡ്രൈവറുടെ ചെലവിനോ വേണ്ടി പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്ന് തുക ചെലവഴിക്കാൻ പാടില്ല. വാഹന ഉപയോഗവുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും എച്ച്.എം.സി ഫണ്ടിൽ നിന്നും വഹിക്കേണ്ടതും അങ്ങനെയുള്ള ചെലവ് എച്ച്.എം.സി അംഗീകരിക്കേണ്ടതുമാണ്.

എന്നാൽ ഹോം കെയറിനായി വാഹനം ഓടിയ ദിവസങ്ങളിൽ ഡ്രൈവർക്കു നൽകുന്ന ദിവസവേതന തുക, ടി ആവശ്യത്തിനായി വാഹനം ഓടിയതിന്റെ ഇന്ധനചെലവ് തുക, ടി ആവശ്യത്തിനു വേണ്ടി ഓടിയ കിലോമീറ്റർ കണക്കാക്കി മെയിന്റനൻസ് ചെലവുകളുടേയും റിപ്പയർ ചെലവുകളുടെയും തുക എന്നിവ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്ന് എച്ച്.എം.സി ഫണ്ടിലേയ്ക്ക് നൽകാവുന്നതാണ്. ഇപ്രകാരം നൽകുന്ന തുകയ്ക്ക് എച്ച്.എം.സി രസീതി

നൽകേണ്ടതും പ്രസ്തുത രസീതി പ്രോജക്ട് ഫയലിൽ വൗച്ചർ നമ്പറിട്ട് സൂക്ഷിക്കേണ്ടതുമാണ്.

പ്രോജക്ട് നം. 73/20 - സെക്കന്ററി പെയിൻ & പാലിയേറ്റീവ് പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ നിന്നും ഹോം കെയറിനായി വാഹനം ഓടിയ ദിവസങ്ങളിൽ ഡ്രൈവർക്കുള്ള വേതനം, ഇന്ധന ചെലവ്, ഇൻഷ്വറൻസ് ചെലവ്, മെയിന്റനൻസ് ചെലവുകൾ എന്നിവ എച്ച്.എം.സി വഴിയല്ലാതെ നേരിട്ട് നടത്തിയിരിക്കുന്നു. ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക | ബിൽ നം./തീയതി | ആകെ ബിൽ തുക |
|---|---|---|---|---|
| 1 | ഡ്രൈവർക്കുള്ള വേതനം | 12,155 | 06/21.08.19 | 20,899/- |
| 2 | ഡ്രൈവർക്കുള്ള വേതനം | 6,435 | 08/05.09.19 | 9,315/- |
| 3 | ഡ്രൈവർക്കുള്ള വേതനം | 6,435 | 09/24.10.19 | 13,475/- |
| 4 | ഇന്ധന ചെലവ് | 4,000 | | |
| 5 | ഡ്രൈവർക്കുള്ള വേതനം | 6,435 | 12/05.12.19 | 11,668/- |
| 6 | വാഹന സർവ്വീസ് ചാർജ് | 2,593 | | |
| 7 | ഡ്രൈവർക്കുള്ള വേതനം | 5,720 | 16/06.01.20 | 9,280/- |
| 8 | ഇന്ധന ചെലവ് | 1,000 | | |
| 9 | ഡ്രൈവർക്കുള്ള വേതനം | 7,865 | 17/29.02.20 | 37,230/- |
| 10 | വാഹന ഇൻഷ്വറൻസ് | 15,870 | | |
| 11 | ഇന്ധന ചെലവ് | 3,000 | | |
| 12 | ഡ്രൈവർക്കുള്ള വേതനം | 7,150 | 20/13.03.20 | 15,871/- |
| 13 | ഇന്ധന ചെലവ് | 1,500 | | |
| | ആകെ | 80,158/- | | |

വാഹനത്തിന്റെ ഇൻഷ്വറൻസ് തുകയായ (പട്ടികയിലെ ക്രമ നം. 10) 15,870/- രൂപയും പ്രോജക്ട് ഫണ്ടിൽ നിന്നും ചെലവാക്കിയിരിക്കുന്നു.

2. സെക്കന്ററി പാലിയേറ്റീവ് കെയർ പ്രോജക്ടിനായി വാഹനം ഓടിയതിന്റെ ഇന്ധനചെലവ് തുക, മെയിന്റനൻസ് ചെലവുകളുടേയും റിപ്പയർ ചെലവുകളുടെയും തുകകൾ എന്നിവ പ്രോജക്ട് ആവശ്യത്തിനു വേണ്ടി ഓടിയ കിലോമീറ്ററിന്റെ അടിസ്ഥാനത്തിൽ ആനുപാതികമായി കണക്കാക്കി, പ്രസ്തുത തുക മാത്രമാണ് എച്ച്.എം.സി മുഖാന്തിരം ചെലവഴിക്കേണ്ടത്. എന്നാൽ അപ്രകാരമുള്ള കണക്കിലല്ല ചെലവ് നടത്തിയിരിക്കുന്നത്.

3. മേൽ സർക്കാർ ഉത്തരവ് ഖ.2.6.3 (6) പ്രകാരം ഓരോ ദിവസത്തേയും ഹോം കെയർ വിസിറ്റ് സംബന്ധിച്ച വിവരം രേഖപ്പെടുത്തി ഹോം കെയർ റിപ്പോർട്ട് ബുക്ക് മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് ഒപ്പ് വാങ്ങിക്കേണ്ടതാണ്. എന്നാൽ ആയത് പാലിച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല. 08/19 മാസത്തിൽ 14.08.19 ന് ശേഷമുള്ള 5 ദിവസത്തെ സന്ദർശനം സംബന്ധിച്ച വിവരം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 13/25.01.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരമുള്ള എല്ലാ നിർദ്ദേശങ്ങളും പാലിച്ച് പദ്ധതി നടപ്പിലാക്കേണ്ടതും വാഹന ഉപയോഗവുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും എച്ച്.എം.സി മുഖേന നടത്തേണ്ടതുമാണ്.

## 1-14 വി.ഇ.ഒ യുടെ പേരിലുള്ള അക്കൌണ്ട് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള വി.ഇ.ഒ മാരിൽ ഐ.എ.വൈ പദ്ധതിക്കായി ആരംഭിച്ചിരുന്ന ബാങ്ക് അക്കൌണ്ടുകളിലെ നീക്കിയിരിപ്പ് വിവരം(ബാങ്ക് സ്റ്റേറ്റ്മെന്റ്-അക്കൌണ്ട് ക്ലോസ് ചെയ്തത് ഉൾപ്പെടെ), ആയത് സർക്കാരിൽ ഒടുക്കിയതിന്റെ ചലാന്റെ പകർപ്പ് എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് ആറ് ഗ്രാമപഞ്ചായത്തുകളിലായി 12 വി.ഇ.ഒ സർക്കിൾ നിലവിലുണ്ടെന്നും, വി.ഇ.ഒമാരുടെ പേരിൽ ഐ.എ.വൈ.പദ്ധതിക്കായി ബാങ്ക്അക്കൌണ്ടുകൾ നിലവിൽ ഇല്ലായെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്.

വി.ഇ.ഒ.മാരുടെ പേരിൽ ഐ.എ.വൈ.പദ്ധതിക്കായി മുൻപ് ആരംഭിച്ച ബാങ്ക് അക്കൌണ്ട് സംബന്ധിച്ച് ആവശ്യപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-15 IAY പദ്ധതി- ഒറ്റ അക്കൌണ്ട് പരിപാലിക്കേണ്ടതാണ്.

വാർഷികധനകാര്യ പത്രിക പരിശോധിച്ചതിൽ IAY പദ്ധതിക്കായി 4 അക്കൌണ്ടുകൾ സൂക്ഷിക്കുന്നതായി കാണുന്നു. വിശദാംശം ചുവടെ.

| അക്കൌണ്ട് വിവരം | 31.03.2020 ലെ നീക്കിയിരിപ്പ് |
|---|---|
| IOB-IAY 4695 | 3013 |
| IOB- 60529 | 1141855 |
| Canara Bank- IAY | 748 |
| Syndicate Bank IAY 95975 | 4745090 |

ആവശ്യമില്ലാത്ത അക്കൌണ്ടുകൾ ക്ലോസ് ചെയ്ത് IAY പദ്ധതിക്കായി ഒറ്റ അക്കൌണ്ട് സൂക്ഷിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 പട്ടികജാതിവികസന മേഖലയിലെ പ്രോജക്ടുകൾ- നിർവ്വഹണത്തിലെ അപാകത - 4,50,000/-രൂപ തടസ്സപ്പെടുത്തുന്നു.

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

I. പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനസൌകര്യം ഉറപ്പാക്കാൻ വീടിനോടൊപ്പം പഠനമുറി നിർമ്മിക്കാൻ ധനസഹായം നൽകുക എന്ന ലക്ഷ്യത്തോടെ രണ്ട് പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത് (ഒരെണ്ണം സ്പിൽ ഓവർ). വിശദാംശം ചുവടെ

| ക്രമ നം. | പ്രോജക്ട് വിവരം |
|---|---|
| 1 | പ്രോജക്ട് നം. 88/20 (പഠനമുറി(എസ്.സി.പി)) ( Spilover)<br>അടങ്കൽ - 12,60,000/-<br>ചെലവ് - 11,50,000/- |
| 2 | പ്രോജക്ട് നം. - 22/20(പഠനമുറി(എസ്.സി.പി)(new)<br>അടങ്കൽ - 50,20,000/-<br>ചെലവ് - 26,80,000/- |

(എ) രണ്ട് പ്രോജക്ടുകളിലെ ഗുണഭോക്താക്കൾക്കും അസിസ്റ്റന്റ് എൻജിനീയറുടെ സ്റ്റേജ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയാണ് ഗഡുക്കൾ അനുവദിച്ചിരിക്കുന്നത്. കൂടാതെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചതായി അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കുന്ന വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ നിർമ്മിക്കുന്ന പഠനമുറിയുടെ വിസ്തീർണ്ണം

രേഖപ്പെടുത്തിയിട്ടുമില്ല. നിർമ്മിക്കുന്ന പഠനമുറിയുടെ എസ്റ്റിമേറ്റ് വാങ്ങാതെയാണ് സ്പിൽ ഓവർ പ്രോജക്ട് പ്രകാരം ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിരിക്കുന്നത്.

ഇനിമുതൽ ഇത്തരം വീഴ്ചയുണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നാണ് അപാകതയ്ക്ക് വിശദീകരണം നൽകിയിരിക്കുന്നത്.

തുടർവർഷങ്ങളിൽ രേഖകൾ കൃത്യമായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(ബി) പ്രോജക്ട് നം. 22/20 പ്രകാരം ധനസഹായം ലഭിച്ച ഗുണഭോക്താക്കളിൽ മൂന്ന് പേർ പഠനമുറി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലായെന്ന് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ വ്യക്തമാകുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| അപേക്ഷ പ്രകാരമുള്ള ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | കരാർ തീയതി |
|---|---|---|---|
| 11 | കുമാരി.ആദിത്യ (D/O ലത) | 100000/- | 19.10.2019 |
| 15 | കുമാരി. ഉജ്ജ്വല (D/O രജനി.ബി) | 150000/- | 22.10.2019 |
| 24 | കുമാരി. അപർണ്ണ (D/O ഷീബ) | 200000/- | തീയതി രേഖപ്പെടുത്തിയിട്ടില്ല |

മേൽ സൂചിപ്പിച്ച മൂന്ന് പേരിൽ ക്രമ നം.24 നിലവിൽ പണിപൂർത്തീകരിച്ചിട്ടുണ്ടെന്നും, മറ്റ് രണ്ട് പേർ പണി പൂർത്തീകരിച്ചില്ലായെന്നും, ഇതിൽ ക്രമനം.15 പണിപൂർത്തിയാക്കാൻ സാധ്യതയില്ലായെന്നും നിർവ്വഹണോദ്യോഗസ്ഥ വിശദീകരണം നൽകിയിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി 35-നുള്ള മറുപടി).

ഗുണഭോക്താക്കൾ സാക്ഷ്യപ്പെടുത്തിയ കരാർ പ്രകാരം കരാർ തീയതി മുതൽ രണ്ട്മാസത്തിനകം പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്നും, ഇടയ്ക്ക് വച്ച് നിർമ്മാണം ഉപേക്ഷിക്കുന്നപക്ഷം കൈപ്പറ്റിയ തുക പലിശസഹിതം തിരിച്ചടയ്ക്കുമെന്നുമാണ് വ്യവസ്ഥ. ഗുണഭോക്താക്കളെ കൊണ്ട് പണി പൂർത്തീകരിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഗുണഭോക്താക്കൾ പണിപൂർത്തികരിക്കാത്ത പക്ഷം പലിശ സഹിതം തുക തിരികെ ഈടാക്കേണ്ടതാണ്. പണി പൂർത്തീകരിക്കാത്തതിനാൽ ചെലവ് തുക 4,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

(സി) ക്രമ നം.18 (അനില.എ) എന്ന ഗുണഭോക്താവിന്റെ അപേക്ഷഫയൽ പരിശോധിച്ചതിൽ ഓണർഷിപ്പ് സർട്ടിഫിക്കറ്റ് പ്രകാരം ശ്രീമതി.കൊച്ച്പെണ്ണ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് പഠനമുറി നിർമ്മിച്ചിട്ടുള്ളത് . എന്നാൽ ടിയാളുടെ സമ്മപത്രം വാങ്ങിയിട്ടില്ല. വ്യക്തി റേഷൻ കാർഡിലുൾപ്പെട്ടിട്ടില്ല. റിലേഷൻ വ്യക്തവുമല്ല.

ഗുണഭോക്താവിന്റെ മാതാവായ ബിന്ദുവിന്റെ മാതാവ് കൊച്ചപെണ്ണിൽ നിന്നാണ് വസ്തുലഭിച്ചതെന്നും, വീടിന്റെ അവകാശം ടിയാളിൽ നിന്ന് മാറ്റിയിരുന്നില്ലായെന്നും നിർവ്വഹണോദ്യോഗസ്ഥ അപാകതയ്ക്ക് മറുപടി ലഭ്യമാക്കി. ഇത്തരം അവസരങ്ങളിൽ വീടിന്റെ ഉടമസ്ഥനിൽ നിന്നും സമ്മതപത്രം നിർബന്ധമായും വാങ്ങേണ്ടതാണ്.

II. ഭൂമിവാങ്ങൽ - രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നം. - 87/20(ഭൂമി വാങ്ങൽ(എസ്.സി.പി))

അടങ്കൽ - 7,50,000/-

ചെലവ് - 7,50,000/-

ഭൂരഹിതഭവനരഹിതർക്ക് ഭൂമിവാങ്ങുന്നതിന് ധനസഹായം നൽകുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ പ്രോജക്ട് പ്രകാരം ധനസഹായം ലഭിച്ച മൂന്ന് ഗുണഭോക്താക്കളിൽ ശ്രീ.മണിക്കുട്ടൻ എന്ന ഗുണഭോക്താവ് ടിയാന്റെ പേരിൽ ഭൂമി പോക്ക് വരവ്ചെയ്ത് കരം ഒടുക്കിയതിന്റെ രേഖകൾ, കൈവശാവകാശരേഖ എന്നിവ ഹാജരാക്കിയിട്ടില്ല.

ടിയാനെ അടിയന്തിരമായി വിവരം അറിയിച്ച് ഇതിന്മേൽ തുടർനടപടി സ്വീകരിക്കുന്നതാണെന്ന് വിശദീകരണം നൽകുകയുണ്ടായി. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-17 ഉപയോഗശൂന്യമായ വസ്തുക്കൾ ലേലം ചെയ്തില്ല.

ബ്ലോക്ക് ഓഫീസ് പരിസരത്ത് ഉപയോഗിക്കാത്ത റോഡ് റോളർ സൂക്ഷിച്ചിരിക്കുന്ന ഷെഡിലും, സമീപത്തുള്ള പഴയ കെട്ടിടത്തിന്റെ വരാന്തയിലും ഉള്ളിലുമായി കൂട്ടിയിട്ടിരിക്കുന്ന ഫർണിച്ചർ(തടി ഉരുപ്പടികൾ ഉൾപ്പെടെ), ടയർ, മറ്റ്

ഉപയോഗശൂന്യമായവസ്തുക്കൾ എന്നിവ ലേലം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് റോഡ് റോളർ ഒരു പുരാവസ്തു പൈതൃകമായി സൂക്ഷിക്കണമെന്ന ബ്ലോക്ക് പഞ്ചായത്ത് സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ലേലനടപടികൾ സ്വീകരിക്കാതെ ഉപ്പോഴും സൂക്ഷിക്കുന്നതെന്നും, മറ്റ് വസ്തുക്കൾ ലേലം ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

ഉപയോഗശൂന്യമായ വസ്തുക്കൾ ലേലം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതും, പുരാവസ്തു പൈതൃകമായി സൂക്ഷിക്കാനുദ്ദേശിക്കുന്ന റോഡ് റോളർ പാഴ്വസ്തുക്കളോടൊപ്പം സൂക്ഷിക്കാതെ ആവശ്യമായ പരിപാലനം ഉറപ്പാക്കേണ്ടതുമാണ്.

## 1-18 സ്പിൽ ഓവർ പദ്ധതി നടപ്പാക്കിയില്ല.

പ്രൊജക്ട് നമ്പർ : 83/20-പൊതുവിഭാഗം

ഡയറി എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ടിന്റെ പേര് : സ്വയം തൊഴിൽ സംരംഭക ഗ്രൂപ്പുകൾക്ക് കറവപശു വിതരണം (SO)

അടങ്കൽ തുക : 1375000/- (വികസന ഫണ്ട് -375000/-, ഗുണഭോക്തൃ വിഹിതം-1000000/-)

ചെലവ് തുക : 375000/-(വികസന ഫണ്ട്)

ജി.ഓ.(എം.എസ്) 72/2017 ത.സ്വ.ഭ.വ. തിരുവനന്തപുരം 29/3/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കേണ്ടതാണ്. പ്രോജക്ട് 83/20 - രേഖകൾ പ്രകാരം 2017-18 ൽ തുടങ്ങി 2018-19 ൽ തന്നെ സ്പിൽ ഓവറായ പ്രോജക്ടാണ്. സുലേഖ ചെലവ് പത്രിക പ്രകാരം പ്രസ്തുത പദ്ധതി നടപ്പാക്കിയില്ല. 28.01.2022 ന് നൽകിയ 24/22 ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ ഗുണഭോക്തൃ ലിസ്റ്റ് കിട്ടിയത് 2019 മാർച്ച് 7-തീയതിയിലാണെന്നും 2018-19 ൽ പദ്ധതി പൂർത്തികരിച്ച് 28/03/2019 ന് ബിൽ സമർപ്പിച്ചിരുന്നുവെന്നും ട്രഷറി നിയന്ത്രണങ്ങൾ കാരണം തൻ വർഷം ബിൽ മാറാത്തതിനാലാണ് പദ്ധതി 2019-20 ലും സ്പിൽ ഓവറായതെന്ന് അറിയിച്ചു . വാർഷിക പദ്ധതി ആസൂത്രണ നിർവ്വഹണത്തിലെ വീഴ്ച്ചയാണ് ഇത് സൂചിപ്പിക്കുന്നത്. ഭാവിയിൽ പദ്ധതികൾ തയ്യാറാക്കുമ്പോൾ അവയുടെ ആസൂത്രണം, ലക്ഷ്യപ്രാപ്തി എന്നിവ കൃത്യമായി വിശകലനം ചെയ്ത് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-19 കറവ പശുക്കൾക്ക് കാലിതീറ്റ (വനിത) പദ്ധതി -അനുബന്ധ രേഖകൾ ഹാജരാക്കിയില്ല.

പ്രൊജക്ട് നമ്പർ : 35/20-പൊതുവിഭാഗം

ഡയറി എക്സ്റ്റൻഷൻ ഓഫീസർ

കറവ പശുക്കൾക്ക് കാലിതീറ്റ (വനിത) പദ്ധതി

അടങ്കൽ തുക : 500000/- (വികസന ഫണ്ട് SCP)

ചെലവ് തുക : 432930/-(വികസന ഫണ്ട്SCP)

പ്രസ്തുത പ്രോജക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിലെ ക്ഷീര സംഘങ്ങളിലെ പാലൊഴിക്കുന്ന വനിതാ പട്ടികജാതി ക്ഷീര കർഷകർക്ക് സബ്സിഡിയിൽ കാലിതീറ്റ നൽകുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തത്. ഫയൽ പരിശോധനയിൽ ചുവടെ പറയുന്ന വനിതാ പട്ടികജാതി ക്ഷീര കർഷകരുടെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കേറ്റ് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

| ക്രമ നം. | പേര് | പഞ്ചായത്ത് |
|---|---|---|
| 1 | ശാന്ത | മുദാക്കൽ |
| 2 | സത്യഭാമ | കടയ്ക്കാവൂർ |
| 3 | ലക്ഷ്മി | കടയ്ക്കാവൂർ |
| 4 | ഷീബ | വക്കം |
| 5 | കാഞ്ചന | ചിറയിൻകീഴ് |
| 6 | ദേവി | ചിറയിൻകീഴ് |

31.01.2022 ന് നൽകിയ 46/22 ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി ലഭ്യമാക്കിയില്ല.

## 1-20 പദ്ധതി പൂർത്തീകരണപത്രം അപാകതകൾ.

പദ്ധതി നിർവ്വഹണം പൂർത്തിയാകുന്നമുറയ്ക്ക് എല്ലാ നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി പൂർത്തീകരണപത്രം സുലേഖയിൽ തയ്യാറാക്കണമെന്ന് 29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ ഖണ്ഡിക 11.4 ൽ നിർദ്ദേശിക്കുന്നു. ഇത്തരത്തിൽ പദ്ധതിപൂർത്തീകരണപത്രം തയ്യാറാക്കിയിട്ടില്ല. വരും വർഷങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ മാർഗ്ഗരേഖ പ്രകാരമുള്ള നടപടിക്രമം പാലിച്ച് രേഖകൾ പരിപാലിക്കേണ്ടതും പദ്ധതി നിർവ്വഹണം നടത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ മോണിറ്ററിംഗ് കമ്മിറ്റി, സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റി എന്നിവ സർക്കാർ നിർദ്ദേശപ്രകാരമുള്ള കടമകൾ നിർവ്വഹിക്കേണ്ടതാണ്. ശിശു വികസന പദ്ധതി ഓഫീസർ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ മാർഗ്ഗ രേഖയിൽ പറയുന്ന പ്രകാരമുള്ള പദ്ധതി പൂർത്തീകരണപത്രം തയ്യാറാക്കേണ്ടതാണ്.( ഓഡിറ്റ് എൻക്വയറി 46/22, 31.01.2022)

## 1-21 അംഗനവാടികൾക്ക് വാട്ടർ പ്യൂരിഫൈർ പദ്ധതി - ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല.

പ്രൊജക്ട് നമ്പർ : 29/20-പൊതുവിഭാഗം

അംഗനവാടികൾക്ക് വാട്ടർ പ്യൂരിഫൈർ പദ്ധതി

ശിശു വികസന പദ്ധതി ഓഫീസർ

അടങ്കൽ തുക : 6,00,000/- (വികസന ഫണ്ട്)

ചെലവ് തുക : 4,83,075/-(വികസന ഫണ്ട്)

21.06.2013-ലെ സ്റ്റോർ പർച്ചേസ് വകുപ്പിന്റെ ജി.ഒ(.പി)3/2013 ൽ ഒരു ലക്ഷം രൂപയിലധികരിക്കുന്ന വാങ്ങലുകൾക്ക് ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കണമെന്ന് നിഷ്കർഷിക്കുന്നു (ഖ.7-7). എന്നാൽ 6 ലക്ഷം രൂപ അടങ്കലുള്ള അടിസ്ഥാനസൗകര്യ വികസനത്തിനുള്ള പ്രോജക്ടിനായി 4,83,075/- രൂപ ചെലവഴിച്ചതായി ചെലവ് രേഖകളിൽ കാണുന്നു. പ്രസ്തുത പ്രോജക്ട് രൂപികരണ ഫോറം പ്രകാരം 6 ഗ്രാമപഞ്ചായത്തുകളിൽ 60 അങ്കണവാടികളിൽ 60 വാട്ടർ പ്യൂരിഫൈർ സ്ഥാപിക്കുന്നതിനായി 6,00,000/- രൂപ വകയിരുത്തി. എന്നാൽ പ്രോജക്ട് രേഖകൾ പ്രകാരം 171 അങ്കണവാടികളിൽ 171 വാട്ടർ പ്യൂരിഫൈർ വാങ്ങുന്നതിന് 4,83,075/- രൂപ ചെലവഴിച്ചു. പദ്ധതി റിവൈസ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല. ഫയലിൽ പത്ര പരസ്യം നൽകിയതിന്റെ രേഖകളില്ല. ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചതായി രേഖകളില്ല. 31.01.2022 ന് നൽകിയ 40/22 ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി ലഭ്യമാക്കിയില്ല. ഉദയ ഏജൻസിയിൽ നിന്ന് വാട്ടർ പ്യൂരിഫൈർ വാങ്ങിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഐറ്റം | എണ്ണം | ബിൽ നം. | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | വാട്ടർ പ്യൂരിഫൈർ | 71 | GST-BP-2947/29.01.20 | 2,00,000/- |
| 2 | വാട്ടർ പ്യൂരിഫൈർ | 100 | GST-BP-2943/29.01.20 | 2,83,075/- |
| | | | ആകെ | 4,83,075/- |

ഭാവിയിൽ പദ്ധതികൾ നടപ്പാക്കുമ്പോൾ സ്റ്റോർ പർച്ചേസ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ക്വട്ടേഷൻ, ടെണ്ടർ നടപടികൾ നിർവ്വഹിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം സംഗതികളിൽ സർക്കാർ നിർദ്ദേശം കൃത്യമായി പാലിക്കേണ്ടതാണ്.

## 1-22 സ്നേഹ സ്പർശം പദ്ധതി- വിനിയോഗ രേഖകൾ ഹാജരാക്കിയില്ല.

പ്രൊജക്ട് നമ്പർ : 27/20-പൊതുവിഭാഗം

ശിശു വികസന പദ്ധതി ഓഫീസർ

അടങ്കൽ തുക : 15,76,875/- (വികസന ഫണ്ട്)

ചെലവ് തുക : 15,76,875/-(വികസന ഫണ്ട്)

പ്രസ്തുത പ്രോജക്ട് പ്രകാരം ബ്ളോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ചുവടെ പറയും പ്രകാരം തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നം. | ഗ്രാമപഞ്ചായത്തിന്റെ പേര് | നൽകിയ തുക |
|---|---|---|
| 1 | ചിറയിൻകീഴ് | 2,97,375/- |
| 2 | കടയ്ക്കാവൂർ | 1,49,625/- |
| 3 | വക്കം | 1,85,250/- |
| 4 | അഞ്ചുതെങ്ങ് | 1,96,500/- |
| 5 | കിഴുവിലം | 2,85,000/- |
| 6 | മുദാക്കൽ | 4,63,125/- |
| | ആകെ | 15,76,875/- |

പ്രസ്തുത പ്രോജക്റ്റ് ഫയലിൽ അഞ്ചുതെങ്ങ്, കിഴുവിലം എന്നീ പഞ്ചായത്തുകളുടെ വിനിയോഗ രേഖ ഹാജരാക്കിയിട്ടില്ല. മുദാക്കൽ പഞ്ചായത്ത് 3,75,875/- രൂപയുടെ വിനിയോഗ രേഖയേ ഹാജരാക്കിയിട്ടുള്ളൂ. 29.01.2022 ന് നൽകിയ 37/22 ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി ലഭ്യമാക്കിയില്ല. ബാക്കി തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-23 ക്യാഷ് ബുക്ക് പരിപാലനം - അപാകതകൾ.

കേരള ട്രഷറി കോഡ് വാല്യം I ആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിന് വേണ്ടി പണം പിരിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും TR-7A ഫോറത്തിൽ ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. നിർവഹണ ഉദ്യോഗസ്ഥനായ ശിശു വികസന പദ്ധതി ഓഫീസർ നിർദ്ദിഷ്ട മാതൃകയിലുള്ള TR 7A രജിസ്റ്ററിൽ വരവു ചെലവു വിവരങ്ങൾ എഴുതി സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. രസീത് വശവും പേയ്മെന്റ് വശവും കൃത്യമായി ക്രമപ്പെടുത്തിയിട്ടില്ല. എല്ലാ പണമിടപാടുകളും ക്യാഷ് ബുക്കിൽ ചേർക്കേണ്ടതും കൃത്യമായി ക്ലോസ് ചെയ്യേണ്ടതുമാണ്. ജി.ഒ(പി)നം. 177/2006 /ഫിൻ തീയ്യതി 12.04.2006 ലെ ഖണ്ഡിക നമ്പർ 18.3 പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ ടി.ആർ 7എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് - ചെലവ് വിവരം രേഖപ്പെടുത്തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിനായി ഒരു സബ്സിഡിയറി റജിസ്റ്ററും സൂക്ഷിക്കുകയും വേണം. സർക്കാർ ഉത്തരവു പാലിച്ച് നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള വരവു ചെലവുകൾ, ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെ വരവു ചെലവുകൾ എന്നിവ എഴുതി സൂക്ഷിക്കേണ്ടതാണ്. 31.01.2022 ന് നൽകിയ 48/22 ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി ലഭ്യമാക്കിയില്ല.

## 1-24 വാഹനപരിപാലനം-അപാകങ്ങൾ.

(A).പഞ്ചായത്തു വക വാഹനങ്ങളുടെ ലോഗ്ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

1.KL-16D-3955 നം Bolero Jeep ന്റെ ലോഗ്ബുക്കിൽ പതിച്ചിട്ടുള്ള സർട്ടിഫിക്കറ്റ് പ്രകാരം വാഹനത്തിന് ഏറ്റവും ഒടുവിൽ Fuel Consumption Test നടത്തിയത്, 9/10/19 നാണ്. ടി സർട്ടിഫിക്കറ്റിന്റെ കാലാവധി 8/10/19ന് അവസാനിച്ചുവെങ്കിലും, വീണ്ടും ടെസ്റ്റ് നടത്തിയിട്ടില്ല.

KL-16J 3909 നം കാറിന്റെ Fuel Consumption Test നടത്തിയസർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിച്ചിട്ടില്ല.

2.വാഹനങ്ങൾക്ക് ഇന്ധന രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർഎന്നിവ പരിപാലിക്കുന്നില്ല.

3.രണ്ടു വാഹനങ്ങളുടെയും വായുമലിനീകരണ നിയന്ത്രണ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല.

4.രണ്ടു വാഹനങ്ങളുടെയും ലോഗ്ബുക്കിന്റെ വലതുഭാഗത്തുള്ള Fuel Account പൂരിപ്പിച്ചിട്ടില്ല.

5.KL-16J 3909 നം കാറിന്റെ ലോഗബുക്കിൽ കോളം 14 ൽ ഒരിക്കൽ പോലും നിയന്ത്രണ അധികാരി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേല്പറഞ്ഞ അപാകങ്ങൾക്ക് വിശദീകരണം ഓഡിറ്റ് എൻക്വയറി നം.11 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല.

ടി അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

B.KL-16D-3955 നം Bolero Jeep ന്റെ ലോഗ്ബുക്ക് പ്രകാരം ടി വാഹനം 31/3/21 വരെ 262995 കി.മീ.ഓടിയിട്ടുണ്ട്. നാളിതുവരെ എത്ര കി.മീ. ഓടി എന്ന വിവരം ഓഡിറ്റ് എൻക്വയറി നം.20 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ടി വിവരം ലഭ്യമാക്കിയില്ല. ടി വാഹനത്തിന് 2019-20ൽ 10300/-രൂപ, 2020-21ൽ 42961/-രൂപ, 2021-22ൽ 37950/-രൂപ എന്നിങ്ങനെ അറ്റകുറ്റപ്പണികൾക്ക് തുക ചെലവു വന്നിട്ടുണ്ട്. ടി വാഹനം അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയതിന്റെ മൂല്യം, തേയ്മാനം എന്നിവ കണക്കാക്കാൻ സാധിക്കുന്നില്ല. നിലവിൽ വാഹനം 15 വർഷം പൂർത്തിയായതിനാൽ മോട്ടോർ വാഹന വകുപ്പിന്റെ Retest നു മുന്നോടിയായുള്ള അറ്റകുറ്റപ്പണികൾക്കായി വർക്ക്ഷോപ്പിൽ കിടക്കുകയാണ് എന്ന് ഓഡിറ്റ് എൻക്വറി നം-20 ന് മറുപടി നല്കി. ലോഗ്ബുക്കിൽ പതിച്ചിട്ടുള്ള സർട്ടിഫിക്കറ്റ് പ്രകാരം വാഹനത്തിന് ഏറ്റവും ഒടുവിൽ Fuel Consumption Test നടത്തിയത്, 9/10/19 നാണ്. അതു പ്രകാരം ടി വാഹനത്തിന്റെ ഇന്ധന ക്ഷമത 10 Km/l ആണ്. വാഹനം 15 വർഷം പൂർത്തിയായതിനാലും, അറ്റകുറ്റപ്പണികൾക്കായി ഓരോ വർഷവും ചെലവു കൂടി വരുന്നതിനാലും സർക്കാർ ഉത്തരവു (കൈ)നം 45/2019 /PWD,തീ.16-10-19പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 താലൂക്ക് ആശുപത്രി വളപ്പിലെ മരം ലേലം-വിശദാംശം ലഭ്യമല്ല.

ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 5-8-19 ലെ ജനറൽ കമ്മിറ്റി തീരുമാനം 8(3) പ്രകാരം, ചിറയിൻകീഴ് താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണ വേളയിൽ മുറിക്കുന്ന മരങ്ങൾ ലേലം ചെയ്യാൻ ആശുപത്രി സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സോഷ്യൽ ഫോറസ്ട്രി ഓർഗനൈസേഷന്റെ 25-6-19 ലെ SFA2-82/19 നം കത്തിലെ നിർദ്ദേശപ്രകാരമാണ് ടി തീരുമാനം എടുത്തിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി നം.21ലൂടെ താഴെ പറയുന്ന വിവരങ്ങൾ ആവശ്യപ്പെട്ടുവെങ്കിലും,ആയതിനു മറുപടി കിട്ടിയില്ല.

1. മേൽ തീരുമാനപ്രകാരം മരങ്ങളുടെ ലേലം നടന്നിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം.

2. മുറിച്ചുമാറ്റിയ മരങ്ങളുടെ ഇനം, തരം, അളവ് തുടങ്ങിയ വിശദാംശങ്ങൾ.

3. മുറിച്ചുമാറ്റിയ മരങ്ങൾ സ്റ്റോക്കിൽ എടുത്തിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകൾ.

ലേല ഡയറി ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. മേല്പറഞ്ഞ വിവരങ്ങൾ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

## 1-26 വനിതാ തൊഴിൽപരിശീലനകേന്ദ്രം പ്രവർത്തനക്ഷമമല്ല.

പ്രോജക്ട് നം.S0091//19-20

പ്രോജക്ടിന്റെ പേര്-വനിതാ തൊഴിൽപരിശീലന കേന്ദ്രം അടിസ്ഥാന സൗകര്യം ഒരുക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

അടങ്കൽ തുക - 8,10,250/-രൂപ

ചെലവു തുക-1,97,374/-രൂ (ബിൽ നം-34/13-3-20)

നിർവ്വഹണ എജൻസി-KSIE

മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

1.നിർവ്വഹണ എജൻസിയായ KSIEബ്ളോക്ക്പഞ്ചായത്തുമായി ഒപ്പുവച്ച കരാർ ഫയലിൽ ഇല്ല.

2.ബ്ളോക്ക്പഞ്ചായത്ത് 12-2-20 ൽ KSIEക്ക് നൽകിയ BP2/1671/19/CKL നം കത്തിൽ KSIE മുഖേന സ്ഥാപിച്ച രണ്ട് എയർകണ്ടീഷനറുകൾ (Split AC-1.5 Ton,3 Star)പ്രവർത്തനക്ഷമമല്ല എന്നും ടി അപാകം പരിഹരിച്ചാൽ മാത്രമേ അവശേഷിക്കുന്ന തുക നല്കുകയുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ടി തുക 13-3-20 ൽ കൈമാറി. ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ എയർകണ്ടീഷനറുകൾ ഇപ്പോഴും പ്രവർത്തനക്ഷമമല്ല എന്ന് കണ്ടു.

3. ആറ്റിങ്ങൽ ഗവ.പോളിടെക്നിക്കിന്റെ സഹകരണത്തോടെ കംപ്യൂട്ടർ പരിശീലന കേന്ദ്രം നടത്താനാണ് ലക്ഷ്യം വച്ചിരുന്നതെങ്കിലും, ആയതിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടില്ല. വനിതാതൊഴിൽപരിശീലന കേന്ദ്രം ഇപ്പോഴും പ്രവർത്തിക്കാതെ അടച്ചിട്ട നിലയിലാണ്.

മേല്പറഞ്ഞ അപാകങ്ങൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.30 ന് മറുപടി ലഭിച്ചിട്ടില്ല. വനിതാതൊഴിൽപരിശീലന കേന്ദ്രം എത്രയും വേഗം പ്രവർത്തന സജ്ജമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 ബയോപാർക്ക് അനാഥാവസ്ഥയിൽ

പ്രോജക്ട് നം.S0091//19-20

പ്രോജക്ടിന്റെ പേര്-വനിതാതൊഴിൽപരിശീലന കേന്ദ്രം അടിസ്ഥാന സൌകര്യം ഒരുക്കൽ

ബ്ളോക്ക്പഞ്ചായത്തിന്റെ PMKSY പദ്ധതിയായ "ബയോപാർക്ക്" എന്ന പദ്ധതിക്ക് നിർവ്വഹണ ഏജൻസിയായ TBGRI ക്ക് നാളിതുവരെ25/11/19ൽ 58,000/- രൂപയും(RTEGS), ബിൽ നം.16/4-9-19 പ്രകാരം 1,00,000/- രൂപയും നൽകിയിട്ടുണ്ട്. ആകെ അടങ്കൽ തുക 2,58,500/- രൂപയുള്ള ടി പ്രോജക്ടിന്റെ പൂർത്തീകരണ കാലാവധി 6 മാസമാണ്. എന്നാൽ ടി പ്രവൃത്തി നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല. മാത്രമല്ല പാർക്ക് കാടു പിടിച്ച് അനാഥാവസ്ഥയിൽ ആണ്. പദ്ധതി ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1.അപൂർവ്വ വൃക്ഷങ്ങളുടെ പരിപാലനം

2.ഔഷധ ചെടികളുടെ തോട്ടം

3.നക്ഷത്രവനം

4.ഉദ്യാനരൂപീകരണവും പരിപാലനവും.

ഉദ്യാനവല്ക്കരണത്തിനായി വച്ചുപിടിപ്പിച്ച ചെടികൾ മുക്കാലും, നശിച്ചു പോയിരിക്കുന്നു. ചെടികളുടെ പേരെഴുതിയ ബോർഡുകൾ പലതും, പിഴുതുമാറ്റി കൂട്ടിയിട്ട അവസ്ഥയിലാണ്. കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ MGNREGപദ്ധതിയിൽ ഉൾപ്പെടുത്തി, പാർക്കിന്റെ മധ്യത്തിലുള്ള കുളം ആർട്ടിഫിഷ്യൽ പോണ്ട് ആക്കുവാൻ 24-9-19 ലെ തീരുമാനം 2-3 പ്രകാരം സെക്രട്ടറിയെ ജനറൽ കമ്മിറ്റി ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ കുളം നിർമ്മാണം, നടപ്പാത നിർമ്മാണം എന്നിവ പൂർത്തിയായെങ്കിലും, അതും ഉപേക്ഷിക്കപ്പെട്ട അവസ്ഥയിലാണ്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം.30 ന് മറുപടി ലഭ്യമായില്ല. ടി പദ്ധതി ലക്ഷ്യം വച്ച രീതിയിൽ പൂർത്തീകരിക്കേണ്ടതാണ്.

## 1-28 എയ്റോബിക് ബിൻ കംപോസ്റ്റ് യൂണിറ്റ് പ്രവർത്തനക്ഷമമല്ല.

പ്രോജക്ടിന്റെ പേര്-തുമ്പൂർമുഴി മോഡൽ എയ്റോബിക് ബിൻ കംപോസ്റ്റ് യൂണിറ്റ് (2 ബിന്നുകൾ)

ഫണ്ടിനം-PMKSY.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

അടങ്കൽ തുക – 1,98,783/-രൂപ

ചെലവു തുക – 1,83,782/-രൂപ

നിർവ്വഹണ എജൻസി-സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷൻ

2018-19 വാർഷിക പദ്ധതി പ്രകാരം ബ്ളോക്ക്പഞ്ചായത്തു വളപ്പിൽ സ്ഥാപിച്ച രണ്ടു ബിന്നുകളും പ്രവർത്തനക്ഷമമല്ല. ടി പദ്ധതിയുടെ ഫയലിൽ നിർവ്വഹണ എജൻസി-സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷനും ബ്ളോക്ക്പഞ്ചായത്തും ഒപ്പു വച്ച കരാർ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ ബിന്നുകൾ പ്രവർത്തന ക്ഷമമാക്കാതെ നിർവ്വഹണ എജൻസിക്ക് തുക നല്കിയ സാഹചര്യം മനസ്സിലാക്കാൻ കഴിയുന്നില്ല. ബ്ളോക്ക്പഞ്ചായത്തിന്റെ 24-9-19 ലെ ജനറൽ കമ്മിറ്റി തീരുമാനം 7(21) പ്രകാരം, ചിറയിൻകീഴ്, കിഴുവിലം ഗ്രാമ പഞ്ചായത്തുകളിലായി (ബ്ളോക്ക്പഞ്ചായത്ത് ഓഫീസ് ഉൾപ്പെടെ) 4 സ്ഥാപനങ്ങളിൽ ബിന്നുകൾ സ്ഥാപിക്കാനും, അവയുടെ തുടർ നടത്തിപ്പ് അതതു സ്ഥാപന മേധാവിയെ എല്പിക്കാനും തീരുമാനിച്ചു. അപ്രകാരം മറ്റു സ്ഥാപനങ്ങളിൽ ബിന്നുകൾ സ്ഥാപിച്ചതിന്റെ വിവരവും, അവയുടെ നിലവിലെ സ്ഥിതിയും ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം31) മറുപടി കിട്ടിയില്ല. പദ്ധതി പൂർത്തീ കരണ സാക്ഷ്യപത്രം, Perfomance Certficate, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കാതെ തന്നെ നിർവ്വഹണ ഏജൻസിക്ക് തുക നല്കിയിട്ടുണ്ട്. സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനുമായി ആശയ വിനിമയം നടത്തി, ബിന്നുകൾ സ്ഥാപിച്ചിടങ്ങളിലെല്ലാം അവയെ പ്രവർത്തന സജ്ജമാക്കേണ്ടതാണ്. തുടർനടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-29 വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

ചിറയിൻകീഴ് ബ്ളോക്ക്പഞ്ചായത്തിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതമായി തുക നൽകിയിട്ടുണ്ട്. ടി പദ്ധതികളുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നം. | പദ്ധതിയുടെ പേര് | ബിൽ നം. തീ | തുക |
|---|---|---|---|---|---|
| 1 | സെക്രട്ടറി. | 7/20 | ലൈഫ്(ജനറൽ) | 10/20-7-19 | 3691378 |

| | | | | | |
|---|---|---|---|---|---|
| 2 | സെക്രട്ടറി. | 10/20 | ലൈഫ്(SC) | 9/16-8-19 | 3437200 |
| 3 | സെക്രട്ടറി. | S0025/20 | ന്യൂലൈഫ് | 12/30-8-19 | 160000 |
| | | | | 11/2-8-19 | 150000 |
| | | | | 15/2-9-19 | 300000 |
| | | | | 16/4-9-19 | 10000 |
| | | | | 20/16-10-19 | 450627 |
| | | | | 20/18-10-19 | 450627 |
| | | | | 21/18-10-19 | 450626 |
| | | | | 18/16-10-19 | 48000 |

ടി പദ്ധതികളുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-30 PMAY പദ്ധതി-തുക കൈപ്പറ്റി വർഷങ്ങൾ കഴിഞ്ഞിട്ടും വീട് പൂർത്തിയായില്ല.

ചിറയിൻകീഴ് ബ്ളോക്ക്പഞ്ചായത്തിന്റെ PMAY പദ്ധതി പ്രകാരം തുക കൈപ്പറ്റി വർഷങ്ങൾ കഴിഞ്ഞിട്ടും വീട് പൂർത്തിയാക്കാത്തവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഗ്രാമ പഞ്ചായത്ത് | കൈപ്പറ്റിയ തുക | വർഷം | റിമാർക്ക് |
|---|---|---|---|---|---|
| 1 | ശശികല. | കടയ്ക്കാവൂർ | 20000 | 2012-13 | SC |
| 2 | രമ | ടി | 43650 | ടി | SC |
| 3 | ലേഖ | ചിറയിൻകീഴ് | 24250 | ടി | SC |
| 4 | അമ്പിളി | ടി | 45000 | ടി | ജനറൽ |
| 5 | ശ്യാമള | ടി | 24250 | ടി | ജനറൽ |
| 6 | അംബിക | ടി | 25000 | ടി | ജനറൽ |
| 7 | ജയ | മുദാക്കൽ | 43650 | ടി | ജനറൽ |
| 8 | ദീപ | ടി | 24250 | ടി | SC |
| 9 | ഓമന | ടി | 24250 | ടി | SC |
| 10 | ഗോമതി അമ്മ | ടി | 20000 | ടി | ജനറൽ |
| 11 | ചന്ദ്രിക | ടി | 20000 | ടി | ടി |
| 12 | അയറിൻ | അഞ്ചുതെങ്ങ് | 20000 | ടി | ടി |
| 13 | അനിത | അഞ്ചുതെങ്ങ് | 20000 | ടി | ടി |

| | | | | | |
|---|---|---|---|---|---|
| 14 | അംബിക | കിഴുവിലം | 45000 | ടി | SC |
| 15 | ബിജ | ചിറയിൻകീഴ് | 17500 | 2013-14 | SC |
| 16 | സുജാത | വക്കം | 17500 | 2013-14 | SC |
| 17 | ദേവകി | ടി | 17500 | ടി | SC |
| 18 | അംബിക | ടി | 17500 | ടി | SC |
| 19 | തങ്കച്ചി | ടി | 17500 | ടി | SC |
| 20 | പ്രിയ | കിഴുവിലം | 17500 | ടി | ജനറൽ |
| 21 | വെള്ളപ്പൻ | ടി | 17500 | ടി | SC |
| 22 | ശോഭന | ടി | 17500 | ടി | SC |
| 23 | രജിത | മുദാക്കൽ | 49500 | 2014-15 | ജനറൽ |
| 24 | രേണുക | ചിറയിൻകീഴ് | 74500 | 2014-5 | SC |
| 25 | ഷംന | അഞ്ചുതെങ്ങ് | 17500 | 2014-5 | ജനറൽ |
| 26 | അശ്വതി | അഞ്ചുതെങ്ങ് | 17500 | 2014-15 | SC |
| 27 | പുഷ്പലത | കിഴുവിലം | 17500 | 2014-15 | ജനറൽ |
| 28 | സുധ | ചിറയിൻകീഴ് | 37500 | 2015-16 | SC |
| 29 | ഗീത | ടി | 37500 | ടി | SC |
| 30 | ശ്യാമള | മുദാക്കല് | 17500 | 2015-16 | ജനറൽ |
| 31 | ഗീത | കിഴുവിലം | 93000 | 2017-18 | SC |
| 32 | അജ്തകുമാരി | കിഴുവിലം | 48000 | 2017-18 | SC |
| 33 | സുഷമ | കിഴുവിലം | 219000 | 2017-18 | ജനറൽ |
| 34 | സാവിത്രി | കിഴുവിലം | 48000 | 207-18 | SC |
| 35 | ഓമന | കിഴുവിലം | 48000 | 2016-17 | ജനറൽ |
| 36 | ശോഭന | കടയ്ക്കാവൂര് | 48000 | 2016-17 | ജനറൽ |
| 37 | ഷാജഹാൻ | അഞ്ചുതെങ്ങ് | 80000 | 2016-17 | ജനറൽ |
| 38 | ലോവനീസ് | അഞ്ചുതെങ്ങ് | 276000 | 2016-17 | ജനറൽ |
| 39 | തങ്കപ്പൻ | അഞ്ചുതെങ്ങ് | 48000 | 2016-17 | ജനറൽ |
| 40 | അമ്പിളി സത്യഭാമ | അഞ്ചുതെങ്ങ് | 80000 | 2016-17 | ജനറൽ |

ടി വ്യക്തികൾ വീട്ടുപണി പൂർത്തിയാക്കാത്ത പക്ഷം, നല്കിയ തുക തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-31 PMKSY പദ്ധതി -പൊതു അപാകങ്ങൾ.

ചിറയിൻകീഴ് ബ്ളോക്ക്പഞ്ചായത്തിൽ 2019-20 PMKSY പദ്ധതി പ്രകാരം നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം, അടങ്കൽ തുക, പേര്, ചെലവായതുക, പൂർത്തിയായ തിയതി, RTGS ലൂടെ തുക കൈമാറിയതിന്റെ വിശദാംശം എന്നിവ പ്രോജക്ട് ലിസ്റ്റ്/രജിസ്റ്റർനോടൊപ്പം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം-33 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ആയവ ലഭ്യമാക്കിയില്ല.ലഭ്യമായ ഫയലുകളിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.ചിറയിൻകീഴ് ബ്ളോക്ക്പഞ്ചായത്തിൽ 2019-20 PMKSY പദ്ധതി പ്രകാരം നടപ്പിലാക്കിയ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ എഗ്രിമെന്റ് ഒപ്പിട്ട ശേഷം,കരാറുകാരന് എസ്റ്റിമേറ്റ് തുകയുടെ 20%മുൻകൂർ നൽകിയിട്ടുള്ളതായി കണ്ടു.എന്നാൽ കരാറുകാരനുമായുള്ള എഗ്രിമെന്റിൽ ഇക്കാര്യം ഉൾപ്പെടുത്തിയിട്ടില്ല.ഇത്തരത്തിൽ മുൻകൂർ നൽകാൻ നിദാനമായ സർക്കാർഉത്തരവു ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറിയിലൂടെനം29 ലൂടെ ആവശ്യപ്പെട്ടുവെങ്കിലും,ആയത് ലഭ്യമാക്കിയില്ല.

2.1996-ലെ ബിൽഡിംഗ് ആന്റ് അതർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ കളക്ഷൻ ചാർജ്ജായി ഈടാക്കാവുന്നതാണ്. ബ്ലോക്ക്പഞ്ചായത്ത് PMKSY പ്രവൃത്തി ബില്ലുകളിൽ നിന്നും ഇപ്രകാരം കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല.
3.PMKSY പദ്ധതി പ്രകാരം നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം,അടങ്കൽ തുക,പേര്,ചെലവായതുക,പൂർത്തിയായ തിയതി,RTGS ലൂടെതുക കൈമാറിയതിന്റെ വിശദാംശം എന്നിവ പ്രോജക്ട് ലിസ്റ്റ്/രജിസ്റ്റർ എന്നിവ ലഭ്യമല്ല.
4.പല പദ്ധതികളിലും,പൂർത്തീകരണ സാക്ഷ്യപത്രം, Perfomance Certficate, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കാതെ തന്നെ നിർവ്വഹണ ഏജൻസിക്ക് തുക നല്കിയിട്ടുണ്ട്. ബ്ളോക്ക് പഞ്ചായത്ത് വളപ്പിൽ തന്നെ സ്ഥിതി ചെയ്യുന്ന വനിതാപഠന കേന്ദ്രം, എയ്റോബിക് ബിന്നുകൾ എന്നിവ ഉദാഹരണങ്ങളാണ്.
5.PMKSY പദ്ധതി പ്രകാരം ലഭിച്ച തുകയുടെ വരവ്, ചെലവ്, നീക്കിയിരുപ്പ് കണക്കുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

മേല്പറഞ്ഞ അപാകങ്ങൾ പരിഹരിക്കേണ്ടതും, ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-32 ടി.എ.ബിൽ തയ്യാറാക്കാതെ യാത്രാബത്ത നല്കിയിരിക്കുന്നു.

ബ്ലോക്ക് പഞ്ചായത്ത് മെമ്പർക്കും, ഡ്രൈവർക്കും യാത്രാബത്ത നല്കിട്ടുണ്ടെങ്കിലും, ട്രഷറി കോഡിൽ നിഷ്കർഷിച്ചിട്ടുള്ള ഫോമിലുള്ള(TR47) ടി.എ.ബിൽ വൌച്ചറിനോടൊപ്പം ഇല്ല. ഉദാഹരണത്തിന്, ഡ്രൈവർ ശ്രീ .കൃഷ്ണൻ കുട്ടിക്ക് 2/19 മുതൽ 8/19 വരെയുള്ള ടി.എ. ഇനത്തിൽ വൌച്ചർ നം.113/2-10-19 പ്രകാരം 6,960/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടിയാൻ സമർപ്പിച്ച ടൂർ ഡയറി മാത്രമേ വൌച്ചറിനോടൊപ്പം ഉള്ളൂ. വാർഡ് മെമ്പർ ശ്രീ.ദേവിന് 8/18 മുതൽ 2/19 വരെയുള്ള ടി.എ ഇനത്തിൽ വൌച്ചർ നം 14/2-5-19 പ്രകാരം 2500/- രൂപ നൽകിട്ടുണ്ട്.പെരുകുളം മുതൽ മുടപുരം വരെ ബസിൽ യാത്ര ചെയ്തതിന് ടിയാൻ സമർപ്പിച്ച ടൂർ ഡയറി മാത്രമേ വൌച്ചറിനോടൊപ്പം ഉള്ളൂ. അതിനാൽ ഏതു നിരക്കിലാണ് യാത്രാബത്ത നല്കിയത്, ഏതൊക്കെ ക്ലെയിം അംഗീകരിച്ചു, ടി.എ. സീലിംഗ് പാലിച്ചിട്ടുണ്ടോ എന്നൊന്നും ടി.എ.ബില്ലിന്റെ അഭാവത്തിൽ, അറിയാൻ കഴിയുന്നില്ല. ടി അപാകത്തിനു വിശദീകരണം വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറി നം.19 ന് മറുപടി ലഭ്യമായില്ല. മേലിൽ നിശ്ചിത ഫോമിലുള്ള(TR47)ടി.എ.ബിൽ തയ്യാറാക്കിയ ശേഷം, അതിന്റെ അടിസ്ഥാനത്തിൽ മാത്രം യാത്രാബത്ത നല്കേണ്ടതാണ്.

## 1-33 ചിറയിൻകീഴ് താലൂക്ക് ആശുപത്രിയുടെകറണ്ട് ചാർജ്ജ് കുടിശ്ശിക -ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

ചിറയിൻകീഴ് താലൂക്ക് ആശുപത്രിയുടെ 16 ഇലക്ട്രിക് കണക്ഷനുകളുടെ കുടിശ്ശിക കറണ്ട് ചാർജ്ജ് തുക മുതൽ 21,44,082/- രൂപയും, പലിശ 8,01,586/-രൂപയും ചേർത്ത് ആകെ 29,45,668/- രൂപ കുടിശ്ശികയുള്ളതായി 16-1-20 ലെ DB/Taluk Hospital 19-20നം കത്തുപ്രകാരം KSEB ബ്ലോക്ക്പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. 19-11-19 DBHospital Arrear/2019-20/115 കത്ത് പ്രകാരം, ടി കുടിശ്ശിക 20,43,967/- ആയിരുന്നതായി 10/12/19 ലെ ജനറൽ കമ്മിറ്റി തീരുമാനം 7(5)ൽ രേഖപ്പെടുത്തിയിരിക്കുന്നു. 9-8-21 ലെ DB5/Taluk Hospital/21-22 കത്ത് പ്രകാരം ടി കുടിശ്ശിക മുതൽ 43,72,950/- രൂപയും, പലിശ 5,65,633/- രൂപയും, ഉൾപ്പെടെ 50,94,595/- രൂപയായി വർധിച്ചതായി 13/9/21 ലെ ജനറൽ കമ്മിറ്റി തീരുമാനം 5(17)ൽ രേഖപ്പെടുത്തിയിരിക്കുന്നു. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

1. ഇക്കാലയളവിൽ പ്രതിമാസ കറണ്ടു ചാർജ്ജായ 2,26,571/-രൂപ പോലും അടച്ചിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തൽ ഇല്ല.
2.ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ, ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ ടി വിഷയം ചർച്ച ചെയ്തിട്ടില്ല.
3.കറണ്ട് ചാർജ്ജ് ഈ വിധം കുടിശ്ശിക ആയ സാഹചര്യം വ്യക്തമല്ല.
4.സർക്കാർ ഉത്തരവു നം സ.ഉ.(സാ) നം 9489/2019/ധന തീ.2-12-19 ൽ ചിറയിൻ കീഴ് ഗ്രാമ പഞ്ചായത്തിന്റെ പൊതു ആവശ്യ ഫണ്ടിൽ നിന്നും 1,14,688/-രൂപ താലൂക്ക് ആശുപത്രിയുടെ കറണ്ടു ചാർജ്ജ് കുടിശ്ശിക ഇനത്തിൽ ഈടാക്കിയിട്ടുള്ളതായി പറയുന്നു. ടി തുക തട്ടിക്കിഴിച്ച കഴിഞ്ഞുള്ള കുടിശ്ശികയാണോ നിലവിൽ KSEBബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ആവശ്യപ്പെടുന്നത് എന്ന് ഉറപ്പു വരുത്തിയിട്ടുണ്ടോ എന്നും വ്യക്തമല്ല.

മേല്പറഞ്ഞ അപാകങ്ങൾക്ക് വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറി നം 19 ന് മറുപടി ലഭ്യമായില്ല. ഇക്കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്തു സ്വീകരിച്ച നടപടികൾ താഴെ പറയും പ്രകാരമാണ്.

1.ഭീമമായ കുടിശ്ശിക അടക്കാൻ നിർവ്വാഹമില്ലെന്ന് കാണിച്ച് ധനകാര്യ വകുപ്പിന് കത്ത് അയച്ചിട്ടുണ്ട്.
2.താലൂക്ക് ആശുപത്രിയുടെ കറണ്ട് ചാർജ്ജിനത്തിൽ തുക അടച്ചിട്ടുണ്ടോ എന്നറിയാൻ ആരോഗ്യവകുപ്പ് സെക്രട്ടറിക്കും കത്ത് നല്കിയിട്ടുണ്ട്.
3. ചിറയിൻകീഴ് താലൂക്ക് ആശുപത്രിയുടെ 16 ഇലക്ട്രിക് കണക്ഷനുകളുടെ കൺസ്യൂമർ നമ്പരും വിശദാംശവും ആവശ്യപ്പെട്ട് താലൂക്ക് ആശുപത്രി സൂപ്രണ്ടിന് കത്ത് നല്കിയിട്ടുണ്ട്.
മേല്പറഞ്ഞ സർക്കാർ ഉത്തരവു നം സ.ഉ.(സാ) നം 9489/2019/ധന തീ.2-12-19 ൽ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ പൊതു ആവശ്യ ഫണ്ടിൽ നിന്നുംതാലൂക്ക് ആശുപത്രിയുടെ കറണ്ടു ചാർജ്ജ് കുടിശ്ശിക ഇനത്തിൽ ഈടാക്കിയ 1,14,688/-രൂപ തിരികെ നല്കുമെന്നും ആയത് ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ പൊതു ആവശ്യ ഫണ്ടിൽ നിന്നും ഈടാക്കുന്നതാണെന്നും, അറിയിച്ചിട്ടുണ്ട്. അതിനാൽ ഇക്കാര്യത്തിൽ ജനറൽ കമ്മിറ്റി ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ബ്ലോക്ക് പഞ്ചായത്തിന്റെ പൊതു ആവശ്യ ഫണ്ടിൽ നിന്നും നഷ്ടമാകുന്ന തുകയുടെ വ്യാപ്തി നാൾക്കുനാൾ ഗണ്യമായ തോതിൽ വർദ്ധിക്കുന്നതാണ്.

## 1-34 വൌച്ചർ പ്രകാരമുള്ള ചെലവ് സുലേഖ ചെലവു പത്രികയിൽ വന്നിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ, പ്രോജക്ട് നം.111 പ്രകാരം, ബ്ലോക്ക് പഞ്ചായത്തിന്റെ പുതിയ കെട്ടിടത്തിന് 150 കസേര വാങ്ങിയിട്ടുണ്ട്. വൌച്ചർ നം.218/19-20 പ്രകാരം ടി പദ്ധതിയുടെ തനതു ഫണ്ടിനമായ 10,261/- രൂപ Aelias Family Associates എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ബിൽ നം 48/27-3-20പ്രകാരം പ്ലാൻ ഫണ്ട് വിഹിതമായ 79,739/- രൂപയും നൽകിയിട്ടുണ്ട്. എന്നാൽ ടി ചെലവ് സുലേഖ ചെലവു പത്രികയിൽ വന്നിട്ടില്ല. ആയതിന് വിശദീകരണം ഓഡിറ്റ് എൻക്വയറി നം.10 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവു (കൈ) നം11/2018/തസ്വഭവ തീ.29-1-2018, ഖണ്ഡിക 11.4 പ്രകാരം, നിർവ്വഹണം പൂർത്തീയാകുന്ന മുറയ്ക്ക് എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും, പൂർത്തീകരണ സാക്ഷ്യ പത്രം സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കേണ്ടതാണ് എന്ന നിർദ്ദേശം സെക്രട്ടറി തന്നെ പാലിച്ചിട്ടില്ല എന്നത് വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 1-35 ആർഎച്ച്സി വക്കത്തിനു വേണ്ടി മെഡിക്കൽ എക്യുപ്മെന്റ്സ് വാങ്ങിയത്-ചെലവ് സംബന്ധിച്ച് വ്യക്തതയില്ല.

1. പ്രോജക്ട് ഫയലുകളോടൊപ്പം വക്കം ആർ.എച്ച്.സി.യിൽ നിന്നും ലഭ്യമാക്കിയ ഫയൽ നം.78/2020/RHCV പരിശോധിച്ചതിൽ നിന്നും 1,19,078/- രൂപയ്ക്ക് മെഡിക്കൽ എക്യുപ്മെന്റ്സ് വാങ്ങിയിട്ടുള്ളതായി കാണുന്നു. ആർ.എച്ച്.സി. വക്കത്തു നിന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ പി.എച്ച്.സി, അഞ്ചുതെങ്ങ് മെഡിക്കൽ ഓഫീസർക്കു അയച്ച കത്തിൽ 2018-19 ലെ ബ്ലോക്ക് ഫണ്ടിൽ നിന്നും ആർ.എച്ച്.സി. യ്ക്ക് അനുവദിച്ച തുകയിൽ നിന്നും കത്തിനോടൊപ്പമുള്ള പ്രൊഫോർമ ഇൻവോയിസിൽ പറഞ്ഞിട്ടുള്ള മെഡിക്കൽ എക്യുപ്മെന്റ്സ് വാങ്ങുന്നതിനുള്ള തുക അടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അപേക്ഷിച്ചിരിക്കുന്നു. In House Drug Bank, SAT Hospital ൽ നിന്നുള്ള ഇൻവോയിസിലെ തുക 1,19,078/- രൂപയാണ്. പ്രസ്തുത തുക ചെലവഴിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. 2019-20 ലെ ബിൽ

ബുക്കിൽ 1,19,078/- രൂപയുടെ ഒരു ബിൽ മാറാതെ സ്പിൽ ഓവർ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അതിൽ സെക്രട്ടറി പാലിയേറ്റീവ് എന്നും എഴുതിയിട്ടുണ്ട്. അത് മേൽപ്പറഞ്ഞ ചെലവാണോയെന്ന് വ്യക്തതയില്ല. കൂടാതെ ടി ചെലവ് തൻ വർഷമോ അടുത്ത വർഷമോ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. 2019-20 ലെ ചെലവ് പത്രികയിൽ അത്തരമൊരു സ്പിൽ ഓവർ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടില്ല.

2. 10.03.20 ലെ 830 നം. ഡെലിവറി ചെലാൻ പ്രകാരം 11 ഇനം മെഡിക്കൽ എക്യുപ്മെന്റ്സ് ലഭിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ പർച്ചേസ് ബില്ലുകൾ 2020-21 വർഷങ്ങളിലുള്ളതാണ്. തുക ഒടുക്കിയതിനു ശേഷമാണോ അതിനു മുൻപാണോ സാധനങ്ങൾ ലഭ്യമാക്കിയതെന്ന് വ്യക്തമല്ല. പ്രസ്തുത സാധനങ്ങൾ സ്റ്റോക്കിലെടുത്തത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2018-19 ലെ ഏതെങ്കിലും പ്രോജക്ടിന്റെ ഭാഗമായാണോ പർച്ചേസ് നടത്തിയിട്ടുള്ളതെന്നും 2019-20 ൽ അത് സ്പിൽ ഓവർ പ്രോജക്ട് ആക്കിയിട്ടുണ്ടോയെന്നും അടക്കമുള്ള വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 15/27.01.22 ന് മറുപടി നൽകിയിട്ടില്ല. 2020-21 ൽ ചെലവ് നടത്തിയിട്ടുണ്ടെങ്കിൽ ഏത് പ്രോജക്ട് മുഖേനയാണെന്നും ആയതിന് ഡിപിസി അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും 2019-20 ൽ സ്പിൽ ഓവർ ആക്കാത്ത പ്രോജക്ട് എങ്ങനെയാണ് 2020-21 ൽ സ്പിൽ ഓവർ ആക്കിയതെന്നും ഉൾപ്പെടെ 1,19,078 രൂപയുടെ ചെലവ് വിവരങ്ങളും വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

## 1-36 വയോമിത്രം പ്രോജക്ട് - കരാർ നിയമനങ്ങൾക്ക് അംഗീകാരം വാങ്ങിയതിന് രേഖയില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | വയോമിത്രം- ഡയാലിസിസ് രോഗികൾക്ക് സൗകര്യമൊരുക്കൽ |
| പദ്ധതി നമ്പർ | 20/20 |
| പദ്ധതി അടങ്കൽ | 10,00,000/- (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 10,00,000/- (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ, ചിറയിൻകീഴ് |

മേൽ പ്രോജക്ടിന്റെ ഭാഗമായി ഉത്തരവ് നം.എ5-5833/2020/താലൂക്ക് ആശുപത്രി, ചിറയിൻകീഴ് തീയതി 01.01.20 പ്രകാരം പൂജ.ബി.പി, അക്ഷര, മഞ്ചാടിമൂട് എന്നയാളിനെ സ്റ്റാഫ് നഴ്സ് തസ്തികയിലും ഉത്തരവ് നം. എ5-90/2020 /താ.ആ.ആ.ചി, തീയതി, 07.01.20 പ്രകാരം നീതു.ബി.എസ്, നീതു ഭവൻ എന്നയാളിനെ നഴ്സിംഗ് കെയർ തസ്തികയിലും യഥാക്രമം 10,000/- രൂപ, 7,000/- രൂപ വേതന നിരക്കിൽ നിയമിച്ചിട്ടുണ്ട്. ടി ജീവനക്കാർക്ക് വേതനം നൽകുന്നതിന് 2019-20 വർഷം വിവിധ ട്രഷറി ബില്ലുകൾ പ്രകാരം 46,901/- രൂപ ചെലവാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ ഭാഗമായി ഇപ്രകാരം നിയമനം നടത്തുന്നതിനും പ്രോജക്ടിൽ നിന്നും വേതനം നൽകുന്നതിനും പഞ്ചായത്ത് കമ്മിറ്റി/ഭരണസമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കേണ്ടതാണ്.

കൂടാതെ സ്റ്റാഫ് നഴ്സ് തസ്തികയിൽ ജോലി ചെയ്തതിന് ശ്രീ.വെങ്കിടേഷ് എന്നയാളിനും മേൽ പ്രോജക്ടിന്റെ ഭാഗമായി വിവിധ ട്രഷറി ബില്ലുകൾ പ്രകാരം ആകെ 53,100/- രൂപയും സ്പിൽ ഓവർ പ്രോജക്ട് ആയ (നം.95/20) വയോമിത്രം-ഡയാലിസിസ് രോഗികൾക്ക് സൗകര്യമൊരുക്കൽ ന്റെ ഭാഗമായി 18,600/- രൂപയും വേതനയിനത്തിൽ അനുവദിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ ഭാഗമായി ഇപ്രകാരം നിയമനം നടത്തുന്നതിനും പ്രോജക്ടിൽ നിന്നും വേതനം നൽകുന്നതിനും പഞ്ചായത്ത് കമ്മിറ്റി/ഭരണസമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുന്നതിനും ശ്രീ.വെങ്കിടേഷ് മായി ഏർപ്പെട്ടിട്ടുള്ള എഗ്രിമെന്റിന്റെ പകർപ്പ് ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.39/29.01.21 ന് മറുപടി നൽകിയിട്ടില്ല. മേൽ നിയമനങ്ങൾക്കുള്ള അംഗീകാരം സംബന്ധിച്ച് വ്യക്തമായ മറുപടി നൽകേണ്ടതും അംഗീകാരം നേടാത്ത നിയമനങ്ങൾ ആണെങ്കിൽ ആയതിന് സാധൂകരണം വാങ്ങേണ്ടതുമാണ്.

## 1-37 വായ്പാബന്ധിത പ്രോജക്ട് - ധനസഹായം വ്യക്തിഗത അക്കൗണ്ടിലേയ്ക്ക് നൽകി.

| | |
|---|---|
| പദ്ധതിയുടെ പേര് | ഓട്ടോറിക്ഷ വാങ്ങൽ-പട്ടികജാതി (വനിത) |
| പദ്ധതി നമ്പർ | 14/20 |

| | |
|---|---|
| പദ്ധതി അടങ്കൽ | 2,10,000/- (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 70,000/- (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥ | ഇൻഡസ്ട്രീയൽ ഓഫീസർ എക്സ്റ്റെൻഷൻ |

മേൽ പദ്ധതിയുടെ ഭാഗമായി ആനുകൂല്യം ലഭിച്ച ശ്രീമതി അമ്പിളി.കെ, ജോബിൻ നിവാസ്, കടയ്ക്കാവൂർ എന്ന ഗുണഭോക്താവിന് സബ്സിഡി തുക അവരുടെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിരിക്കുന്നു. ഗുണഭോക്താവ് ലോൺ എടുത്തിട്ടുള്ളത് ബജാജ് ഫിനാൻസ് എന്ന ധനകാര്യ സ്ഥാപനത്തിൽ നിന്നും വാഹനം വാങ്ങിയിട്ടുള്ളത് കല്ലിംഗൽ ഓട്ടോമൊബൈൽസിൽ നിന്നുമാണ്. സർക്കാർ ഉത്തരവ് എം.എസ്.22/2018/ത.സ്വ.ഭ.വ. തീ. 14.02.2018 ഖണ്ഡിക 6.4പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾക്കുള്ള സബ്സിഡി തുക വാഹനം ലഭ്യമാക്കിയ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്കോ വായ്പ എടുക്കുന്ന അവസരത്തിൽ വാഹന വായ്പാ അക്കൗണ്ടിലായ്ക്കോ ആയിരിക്കണം നൽകേണ്ടത്. എന്നാൽ വ്യക്തികളുടെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറിയത് മേൽ സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായാണ്. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.16/27.01.2022 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഗുണഭോക്താവ് ആർ.ബി.ഐ യുടെ അംഗീകാരമുള്ള നോൺബാങ്കിംഗ് ഫിനാൻഷ്യൽ സ്ഥാപനത്തിൽ നിന്നും വായ്പ എടുത്തിട്ടുള്ളതിനാലാണ് സബ്സിഡി തുക അവരുടെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിരിക്കുന്നതെന്നാണ്. ഭാവിയിൽ ഇത്തരം ന്യൂനതകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-38 അസറ്റ് രജിസ്റ്ററിൽ വാഹനങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

ബ്ളോക്ക് പഞ്ചായത്തിന് സ്വന്തമായി രണ്ടുവാഹനങ്ങൾ ആണുള്ളത് KL-16J 3909 നം കാറും, B.KL-16D-3955 നം Bolero Jeep ഉം. കൂടാതെ PHC വക രണ്ടുവാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുന്ന ചെലവു ബ്ളോക്ക് പഞ്ചായത്ത് വഹിച്ചതായി ജനറൽ കമ്മിറ്റി മിന്റ്സ് പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു. അതായത് ടി രണ്ടു വാഹനങ്ങളും ബ്ളോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ളതാണ്. എന്നാൽ അസറ്റ് രജിസ്റ്ററിൽ Building അല്ലാതെ യാതൊന്നും ഉൾപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം11) മറുപടി ലഭ്യമാക്കിയില്ല. ബ്ളോക്ക് പഞ്ചായത്തിന് സ്വന്തമായുള്ള രണ്ടുവാഹനങ്ങൾ അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ അവയുടെ മൂല്യം, വാർഷിക തേയ്മാനം എന്നിവ അക്കൌണ്ട് ചെയ്യപ്പെട്ടിട്ടില്ല. സർക്കുലർ നം.58608/DB2/2009/തസ്വഭവ തീയതി.13/1/10, ഖണ്ഡിക 3-22 പ്രകാരം എല്ലാ ആസ്തി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിക്കേണ്ടതാണ്. അതിനാൽ മേല്പറഞ്ഞ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-39 പാലിയേറ്റീവ് പരിചരണം പ്രോജക്ട് - നിർവ്വഹണം സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധം.

| | |
|---|---|
| പദ്ധതിയുടെ പേര് | പാലിയേറ്റീവ് പരിചരണം |
| പദ്ധതി നമ്പർ | 17/20 |
| പദ്ധതി അടങ്കൽ | 10,00,000/- (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 9,99,966/- (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |

1. സ.ഉ (സാധാ) നം. 3217/2015/തസ്വഭവ, തീ. 29.10.15, പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ ഖ. 2.6.5 (1) പ്രകാരം ഹോം കെയർ ടീമിനു വേണ്ടി അനുവദിക്കുന്ന വാഹനങ്ങളുടെ ഇന്ധനചെലവിനോ ഡ്രൈവറുടെ ചെലവിനോ വേണ്ടി പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്ന് തുക ചെലവഴിക്കാൻ പാടില്ല. വാഹന ഉപയോഗവുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും എച്ച്.എം.സി. ഫണ്ടിൽ നിന്നും വഹിക്കേണ്ടതും അങ്ങനെയുള്ള ചെലവ് എച്ച്.എം.സി അംഗീകരിക്കേണ്ടതുമാണ്.

എന്നാൽ ഹോം കെയറിനായി വാഹനം ഓടിയ ദിവസങ്ങളിൽ ഡ്രൈവർക്കു നൽകുന്ന ദിവസവേതന തുക, ടി ആവശ്യത്തിനായി വാഹനം ഓടിയതിന്റെ ഇന്ധനചെലവ് തുക, ടി ആവശ്യത്തിനു വേണ്ടി ഓടിയ കിലോമീറ്റർ കണക്കാക്കി മെയിന്റനൻസ് ചെലവുകളുടേയും റിപ്പയർ ചെലവുകളുടെയും തുക എന്നിവയുള്ള ചെലവ് തുകകൾ എന്നിവ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്ന് എച്ച്.എം.സി ഫണ്ടിലേയ്ക്ക് നൽകാവുന്നതാണ്. ഇപ്രകാരം നൽകുന്ന തുകയ്ക്ക്

എച്ച്.എം.സി രസീതി നൽകേണ്ടതും പ്രസ്തുത രസീതി പ്രോജക്റ്റ് ഫയലിൽ വൗച്ചർ നമ്പറിട്ട് സൂക്ഷിക്കേണ്ടതുമാണ്.

പാലിയേറ്റീവ് പരിചരണം പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ നിന്നും ഹോം കെയറിനായി വാഹനം ഓടിയ ദിവസങ്ങളിൽ ഡ്രൈവർക്കുള്ള വേതനം, ഇന്ധന ചെലവ്, ഇൻഷ്വറൻസ് ചെലവ്, മെയിന്റനൻസ് ചെലവുകൾ എന്നിവ എച്ച്.എം.സി വഴിയല്ലാതെ നേരിട്ട് നടത്തിയിരിക്കുന്നു. ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക | ബിൽ നം./തീയതി | ആകെ ബിൽ തുക |
|---|---|---|---|---|
| 1 | ഇന്ധന ചെലവ് | 4,178 | 03/03.06.19 | 75,528/- |
| 2 | ഡ്രൈവർക്കുള്ള വേതനം | 20,300 | | |
| 3 | ഡ്രൈവർക്കുള്ള വേതനം | 18,600 | 06/26.06.19 | 60,600/- |
| 4 | ഡ്രൈവർക്കുള്ള വേതനം | 18,000 | 09/16.07.19 | 60,000/- |
| 5 | ഇന്ധന ചെലവ് | 7,496 | 11/16.07.19 | 7,496/- |
| 6 | ഇന്ധന ചെലവ് | 2,933 | 14/24.07.19 | 2,933/- |
| 7 | ഡ്രൈവർക്കുള്ള വേതനം | 18,600 | 21/14.08.19 | 61,985/- |
| 8 | ഇന്ധന ചെലവ് | 1,835 | | |
| 9 | ഇന്ധന ചെലവ് | 1,511 | 23/20.08.19 | 1,511/- |
| 10 | ഇന്ധന ചെലവ് | 7,909 | 30/15.10.19 | 7,909/- |
| 11 | ഇന്ധന ചെലവ് | 3,669 | 36/30.10.19 | 3,669/- |
| 12 | ഇന്ധന ചെലവ് | 4,204 | 39/20.01.20 | 4,204/- |
| 13 | ഡ്രൈവർക്കുള്ള വേതനം | 18,000 | 40/11.12.19 | 60,000/- |
| 14 | ഡ്രൈവർക്കുള്ള വേതനം | 18,600 | 50/17.01.20 | 62,000/- |
| 15 | ഇന്ധന ചെലവ് | 5,626 | 56/27.01.20 | 5,626/- |
| 16 | ഡ്രൈവർക്കുള്ള വേതനം | 18,600 | 61/14.02.20 | 62,000/- |
| 17 | ഇന്ധന ചെലവ് | 1,967 | 63/14.02.20 | 1,967/- |
| 18 | വാഹനത്തിന്റെ മെയിന്റനൻസ് ചാർജ് | 600 | 66/26.02.20 | 600/- |
| 19 | ഇന്ധന ചെലവ് | 2,666 | 70/26.02.20 | 2,666/- |
| 20 | ഡ്രൈവർക്കുള്ള വേതനം | 17,400 | 84/11.03.20 | 58,000/- |
| 21 | ഇന്ധന ചെലവ് | 3,380 | 92/25.03.20 | 3,380/- |

| | | | | |
|---|---|---|---|---|
| 22 | ഇന്ധന ചെലവ് | 1,502 | 95/ലഭ്യമല്ല | 1,502/- |

2. പാലിയേറ്റീവ് കെയർ പ്രോജക്ടിനായി വാഹനം ഓടിയതിന്റെ ഇന്ധനചെലവ് തുക, മെയിന്റനൻസ് ചെലവുകളുടേയും റിപ്പയർ ചെലവുകളുടെയും തുകകൾ എന്നിവ പ്രോജക്ട് ആവശ്യത്തിനു വേണ്ടി ഓടിയ കിലോമീറ്ററിന്റെ അടിസ്ഥാനത്തിൽ ആനുപാതികമായി കണക്കാക്കി, പ്രസ്തുത തുക മാത്രമാണ് എച്ച്.എം.സി മുഖാന്തിരം ചെലവഴിക്കേണ്ടത്. എന്നാൽ അപ്രകാരമുള്ള കണക്കിലല്ല ചെലവ് നടത്തിയിരിക്കുന്നത്.

3. മേൽ സർക്കാർ ഉത്തരവ് ഖ.2.6.3 (6) പ്രകാരം ഓരോ ദിവസത്തേയും ഹോം കെയർ വിസിറ്റ് സംബന്ധിച്ച വിവരം രേഖപ്പെടുത്തി ഹോം കെയർ റിപ്പോർട്ട് ബുക്ക് മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് ഒപ്പ് വാങ്ങിക്കേണ്ടതാണ്. എന്നാൽ ആയത് പാലിച്ചിട്ടുള്ളതായി കാണുന്നില്ല. ഹോം കെയർ റിപ്പോർട്ട് ബുക്കിൽ സാക്ഷ്യപ്പെടുത്തലുകൾ ഇല്ല.

4. മേൽ പ്രോജക്ടിന്റെ ഭാഗമായി ഉത്തരവ് നം. എ1-6110/2017/താ.ആ.ആ.ചി, തീയതി 23.02.19 പ്രകാരം ഗീതു രാജേന്ദ്രൻ, രാധാലയം, അഞ്ചുതെങ്ങ് എന്നയാളിനെ പാലിയേറ്റീവ് കെയർ സ്റ്റാഫ് നഴ്സ് തസ്തികയിൽ നിയമിച്ചിട്ടുണ്ട്. ടിയാൾക്ക് വേതനം നൽകുന്നതിന് 2019-20 വർഷം 1,97,800/- രൂപ ചെലവാക്കിയിട്ടുണ്ട്. ടിയാളുടെ നിയമനത്തിന് പഞ്ചായത്ത് കമ്മിറ്റി/ഭരണസമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

5. ശ്രീ.ദീപു, ദീപ്തി, ചിറയിൻകീഴ് എന്നയാൾ ഫിസിയോതെറാപ്പിസ്റ്റായി 01.06.2019 ന് ജോലിയിൽ പ്രവേശിച്ചിട്ടുള്ളതായി ഫയലിൽ ഉണ്ട്. എന്നാൽ ട്രഷറി ബിൽ നം. 03/03.06.19 പ്രകാരം ടിയാൾക്ക് 24,850 രൂപ വേതനം നൽകിയിരിക്കുന്നു. അതിനാൽ 1.06.19 നു മുൻപ് തന്നെ ടിയാൾ ജോലിയിൽ ഉണ്ടായിരുന്നോയെന്നത് സംബന്ധിച്ച് വ്യക്തത നൽകേണ്ടതാണ്. ടിയാൾക്ക് വേതനം നൽകുന്നതിന് 2019-20 വർഷം 1,96,450 രൂപ ചെലവാക്കിയിട്ടുണ്ട്. ടിയാളുടെ നിയമനത്തിന് പഞ്ചായത്ത് കമ്മിറ്റി/ഭരണസമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമല്ല.

6. ട്രഷറി ബിൽ നം. 57/27.01.20 പ്രകാരം HLL Pharmacy & Surgicals ന് ACCENTRIX 10MG INJECTION ലഭ്യമാക്കിയതിന് 19,674/- രൂപ അനുവദിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത മരുന്ന് സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

7. TR-7 മാതൃകയിലുള്ള ക്യാഷ് ബുക്ക് പരിപാലിച്ചിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 47/31.01.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാഹന ഉപയോഗവുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും എച്ച്.എം.സി ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്. കൂടാതെ മറ്റ് അപാകതകൾക്കുള്ള വിശദീകരണം എത്രയും വേഗം ലഭ്യമാക്കേണ്ടതാണ്.

## 1-40 ക്യാഷ് ബുക്ക്, ബിൽ ബുക്ക് എന്നിവ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

താലൂക്ക് ഹോസ്പിറ്റൽ, മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ 2020-21 വർഷത്തെ ക്യാഷ് ബുക്ക്, ബിൽ ബുക്ക് എന്നിവയിൽ ചെലവ് പത്രിക പ്രകാരമുള്ള എല്ലാ ചെലവുകളും ഉൾപ്പെട്ടിട്ടില്ല. ട്രഷറി ബിൽ നം. 93 വരെയുള്ളവയുടെ ചെലവ് വിവരങ്ങൾ മാത്രമാണ് അവയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

എ) പ്രോജക്ട് നം. 18/20- സാമൂഹിക മാനസിക ആരോഗ്യപരിപാടി (സുരക്ഷ)- ചെലവ് പത്രിക പ്രകാരമുള്ള ചെലവ് 4,82,170/- രൂപയാണ്. എന്നാൽ ബിൽ ബുക്ക്, ക്യാഷ്ബുക്ക് എന്നിവ പ്രകാരമുള്ള ചെലവ് 4,34,270/- രൂപയാണ്. പ്രോജക്ടിന്റെ ചെലവുമായി ബന്ധപ്പെട്ട് 47,900/- രൂപയുടെ 3 ട്രഷറി ബില്ലുകൾ (ബിൽ നം.97-36,000, ബിൽ നം.100-5,900, 6,000) ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ചെലവ് സംബന്ധിച്ച വിവരങ്ങൾ ബിൽ ബുക്ക്, ക്യാഷ്ബുക്ക് എന്നിവയിൽ രേഖപ്പെടുത്തിയിട്ടില്ല.

ബി) പ്രോജക്ട് നം. 20/20-വയോമിത്രം-ഡയാലിസിസ് രോഗികൾക്ക് സൗകര്യമൊരുക്കൽ- ട്രഷറി ബിൽ നം. 94 പ്രകാരമുള്ള 16,401/- രൂപയുടെ ചെലവ് ബിൽ ബുക്കിലും ക്യാഷ് ബുക്കിലും വന്നിട്ടില്ല.

സി) പ്രോജക്ട് നം. 64/20 - ആരോഗ്യഭവനം - ജീവിതശൈലി രോഗനിർണയ പരിപാടി-ട്രഷറി ബിൽ നം. 98 പ്രകാരമുള്ള 36,592/- രൂപ, 101 പ്രകാരമുള്ള 69,430/- രൂപ എന്നിവയുടെ ചെലവ് ബിൽ ബുക്കിലും ക്യാഷ് ബുക്കിലും വന്നിട്ടില്ല. കൂടാതെ ലഭ്യമാക്കിയ ട്രഷറി ബില്ലുകൾ പ്രകാരം പദ്ധതിയുടെ ആകെ ചെലവ് 3,89,889/- രൂപയാണ്. എന്നാൽ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് 3,20,459/- രൂപ മാത്രമാണ്. ചെലവ് പത്രികയിൽ 32,892/- രൂപയുടെ ചെലവ് ഉൾപ്പെട്ടിട്ടില്ല.

ഡി) പ്രോജക്ട് നം. 65/20 - ആരോഗ്യഭവനം - ജീവിതശൈലി രോഗനിർണയ പരിപാടി-ലഭ്യമാക്കിയ ട്രഷറി ബില്ലുകൾ പ്രകാരം പദ്ധതിയുടെ ആകെ ചെലവ് 5,26,064/- രൂപയാണ്. എന്നാൽ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് 1,52,256/- രൂപ മാത്രമാണ്. ചെലവ് പത്രികയിൽ 3,73,808/- രൂപയുടെ ചെലവ് ഉൾപ്പെടാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

ഇ) പ്രോജക്ട് നം. 77/20- ബഡ്സ് റിഹാബിലിറ്റേഷൻ & ഫെസിലിറ്റേഷൻ സെന്റർ-ട്രഷറി ബിൽ നം. 96 പ്രകാരമുള്ള

15,000/- രൂപയുടെ ചെലവ് ബിൽ ബുക്കിലും ക്യാഷ് ബുക്കിലും വന്നിട്ടില്ല.

മേൽ പൊരുത്തക്കേടുകൾ വിവിധ പ്രോജക്ടുകളുടെ അപാകതകൾ അറിയിച്ചുക്കൊണ്ട് നൽകിയ പല ഓഡിറ്റ് അന്വേഷണങ്ങളിലൂടെയും അറിയിച്ചെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം ചെലവ് പത്രിക പ്രകാരമുള്ള ചെലവുകൾ ബിൽബുക്ക്, ക്യാഷ്ബുക്ക് എന്നിവയിൽ രേഖപ്പെടുത്താത്തതിനും വിവിധ ട്രഷറി ബില്ലുകൾ പ്രകാരമുള്ള ചെലവുകൾ പൂർണമായും ചെലവ് പത്രകയിൽ ഉൾപ്പെടുത്താത്തതിനും വിശദീകരണം നൽകേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-41 ആരോഗ്യഭവനം പ്രോജക്ട് - പർച്ചേസ് ചെയ്ത സാധനങ്ങൾ സ്റ്റോക്കിലെടുത്തില്ല.

1.

| | |
|---|---|
| പദ്ധതിയുടെ പേര് | ആരോഗ്യഭവനം- ജീവിതശൈലി രോഗനിർണയ പരിപാടി |
| പദ്ധതി നമ്പർ | 64/20 |
| പദ്ധതി അടങ്കൽ | 6,06,800/- (വികസന ഫണ്ട് പൊതുവിഭാഗം)<br>19,08,000/- (വികസന ഫണ്ട് പൊതുവിഭാഗം)<br>8,40,000/- (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 3,20,459/- (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ<br>താലൂക്ക് ഹോസ്പിറ്റൽ |

പ്രോജക്ടിന്റെ ഭാഗമായി പർച്ചേസ് ചെയ്ത ചുവടെ പറയുന്ന സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പർച്ചേസ് ചെയ്ത ഇനം | എണ്ണം | ബിൽ നം./തീയതി | ബിൽ തുക |
|---|---|---|---|---|
| 1 | ഫാമിലി കാർഡ് | 5000 | 33/15.10.19 | 5,800/- |
| 2 | പാഡ് (100x20) | 20 | | |
| 3 | ആരോഗ്യഭവനം രജിസ്റ്റർ | 2 | 85/11.03.20 | 16,817/- |
| 4 | ആരോഗ്യ വിസിറ്റിംഗ് കാർഡ് | 1000 | | |
| 5 | ആരോഗ്യഭവനം റസീപ്റ്റ് | 5000 | | |
| 6 | ആരോഗ്യഭവനം രജിസ്റ്റർ | 10 | | |
| 7 | Diabetic Risk Score Sheet | 5000 | | |
| 8 | ആരോഗ്യഭവനം റസീപ്റ്റ് | 19900 | | |

2.

| | |
|---|---|
| പദ്ധതിയുടെ പേര് | ആരോഗ്യഭവനം - ജീവിതശൈലി രോഗനിർണയ പരിപാടി |
| പദ്ധതി നമ്പർ | 65/20 |
| പദ്ധതി അടങ്കൽ | 6,69,800/- (വികസന ഫണ്ട് എസ്സിപി) |
| പദ്ധതി ചെലവ് | 1,52,256/- (വികസന ഫണ്ട് എസ്സിപി) |
| നിർവഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |

മരുന്ന് പർച്ചേസ് ചെയ്തതിന് തുക അനുവദിച്ചതുമായി ബന്ധപ്പെട്ട 3,73,808/- രൂപയുടെ ട്രഷറി ബിൽ നം. 91/25.03.20 നോടൊപ്പം 3,64,678/- രൂപയുടെ പർച്ചേസ് ബില്ലുകൾ മാത്രമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. ബാക്കിയുള്ള 9,130/- രൂപയ്ക്ക് മരുന്ന ലഭ്യമായതിന്റെ രേഖ ഹാജരാക്കിയിട്ടില്ല. കൂടാതെ ബിൽ പ്രകാരം വാങ്ങിയ ചുവടെ പറയുന്ന

സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പർച്ചേസ് ചെയ്ത ഇനം | എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | Micropore 2.5 CM | 300 | 9,130/- രൂപയ്ക്ക് വാങ്ങിയ മരുന്നിന്റെ പർച്ചേസ് ബിൽ ലഭ്യമല്ലാത്തതിനാൽ അതിലുൾപ്പെട്ട മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടോയെന്ന് വ്യക്തമല്ല. |
| 2 | Enoxaparin Sodium INJ 40 MG | 500 | |
| 3 | N95 WITH EAR TAG 10 NOS | 622 | |
| 4 | GLOVES STERILE-7 | 1000 | |
| 5 | GLOVES STERILE-6.5 | 1000 | |
| 6 | GLOVES STERILE-7.5 | 500 | |
| 7 | FAVIPIRAVIR 200MG 34 NOS | 2 | |

3. സ്പിൽ ഓവർ പ്രോജക്ട് നം.93/20 - ആരോഗ്യഭവനം - ജീവിതശൈലി രോഗനിർണയ പരിപാടിയുടെ ഭാഗമായി 80,248/- രൂപയ്ക്ക് (ട്രഷറി ബിൽ നം.16/16.08.19) വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പർച്ചേസ് ചെയ്ത ഇനം | എണ്ണം |
|---|---|---|
| 1 | Diabetic Risk Score Sheet | 1500 |
| 2 | Basic Information Sheet | 1500 |
| 3 | ആരോഗ്യഭവനം രജിസ്റ്റർ | 15 |
| 4 | ആരോഗ്യഭവനം കാർഡ് | 5000 |
| 5 | Receipt Book | 2000 |
| 6 | RSBY Form | 1000 |
| 7 | ആരോഗ്യഭവനം രജിസ്റ്റർ | 40 |
| 8 | Diabetic Risk Score Sheet | 50000 |
| 9 | Coupon Rs.5/- | 50000 |
| 10 | ആരോഗ്യഭവനം കാർഡ് | 10000 |

മേൽപ്പറഞ്ഞവ സ്റ്റോക്കിലെടുക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 41/31.01.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പർച്ചേസ് ചെയ്ത സാധനങ്ങൾ യഥാസമയം സ്റ്റോക്കിലെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-42 ക്യാൻസർ രോഗനിർണയ ക്യാമ്പ് - ചെലവിനാധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | ക്യാൻസർ രോഗനിർണയ ക്യാമ്പ് |
| പദ്ധതി നമ്പർ | 47/20 |
| പദ്ധതി അടങ്കൽ | 3,50,000/- (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 2,57,026/- (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |

പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 6 ഗ്രാമപഞ്ചായത്തുകളിലും ക്യാൻസർ രോഗനിർണയ ക്യാമ്പുകൾ സംഘടിപ്പിരുന്നു. ക്യാമ്പുമായി ബന്ധപ്പെട്ട ട്രെയിനിംഗ്, ക്യാൻസർ രോഗ സർവ്വേ എന്നിവ നടത്തിയതുമായി ബന്ധപ്പെട്ട വിവിധ ചെലവുകൾക്കുള്ള തുക സിഎച്ച്സി, ആർഎച്ച്സി എന്നിവയ്ക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ചെലവ് വൗച്ചറുകൾ പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ക്യാമ്പിനാവശ്യമായ 45000 ഫോമുകൾ (100 വീതമുള്ള 450 ബുക്കുകൾ) അച്ചടിച്ച് നൽകുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അനിൽ പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് വർക്ക് നൽകുകയും ചെയ്തു. അംഗീകരിച്ച ക്വട്ടേഷൻ പ്രകാരം 45000 ഫോമുകൾക്കുള്ള വില 32,600/- രൂപയാണ്. എന്നാൽ സ്ഥാപനം ലഭ്യമാക്കിയ ഫൈനൽ ബിൽ പ്രകാരം 40000 ഫോമുകൾക്ക് 32,600/- രൂപ ആവശ്യപ്പെടുകയും ട്രഷറി ബിൽ 47/04.02.20 പ്രകാരം തുക അനുവദിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ ക്വട്ടേഷൻ പ്രകാരമുള്ളതിനേക്കാളും 5000 എണ്ണം കുറച്ച് ലഭ്യമാക്കിയ

സാഹചര്യത്തിൽ ലഭ്യമാക്കിയ 40000 എണ്ണത്തിന്റെ വില 28,975/- രൂപ മാത്രമായിരുന്നു അനുവദിക്കേണ്ടിയിരുന്നത്. കുറവുള്ള 5000 എണ്ണത്തിന്റെ വിലയായ 3,625/- രൂപ [(32600/45000)*5000=3625] അധികമായി നൽകിയത് തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ലഭ്യമായ ഫോമുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ബി) ക്യാമ്പിനോടനുബന്ധിച്ച് സർവ്വേ നടത്തിയതുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന ചെലവുകളുടെ ആധികാരികത പരിശോധിക്കുന്നതിനാധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | സർവ്വേ നടത്തിയതിന്റെ ചെലവ് തുക | ബിൽ നം./തീയതി | ആകെ ബിൽ തുക |
|---|---|---|---|---|
| 1 | സിഎച്ച്സി കിഴവിലം | 18,564/- | 86/25.03.20 | 25,469/- |
| 2 | സിഎച്ച്സി കീഴാറ്റിങ്ങൽ | 13,120/- | 88/25.03.20 | 16,678/- |
| 3 | ആർഎച്ച്സി വക്കം | 9,730/- | 89/25.03.20 | 9,730/- |

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 42/31.01.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫോമുകളുടെ പർച്ചേസുമായി ബന്ധപ്പെട്ട് അധികം നൽകിയ 3,625/- രൂപ തിരികെ ഈടാക്കേണ്ടതും ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും ഓരോ ചെലവ് ബില്ലിനോടൊപ്പവും ബന്ധപ്പെട്ട രേഖകൾ കൂടി ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-43 ബഡ്സ് റിഹാബിലിറ്റേഷൻ പ്രോജക്ട് - സ്പീച്ച് തെറാപ്പിസ്റ്റിന്റെ നിയമനം സംബന്ധിച്ച്.

| | |
|---|---|
| പദ്ധതിയുടെ പേര് | ബഡ്സ് റിഹാബിലിറ്റേഷൻ & ഫെസിലിറ്റേഷൻ സെന്റർ |
| പദ്ധതി നമ്പർ | 77/20 |
| പദ്ധതി അടങ്കൽ | 3,00,000/- (വികസന ഫണ്ട് പൊതു വിഭാഗം) |
| പദ്ധതി ചെലവ് | 75,000/- (വികസന ഫണ്ട് പൊതു വിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ<br>താലൂക്ക് ഹോസ്പിറ്റൽ |

സ്പീച്ച് തെറാപ്പിസ്റ്റ് & ഓഡിയോളജിസ്റ്റായി പ്രവർത്തിച്ച ആര്യ വിജയന് പ്രതിഫലം നൽകുന്നതിനാണ് 2019-20 ൽ പദ്ധതി തുക ചെലവഴിച്ചിരിക്കുന്നത്. എന്നാൽ അറ്റൻഡൻസ് വിവരങ്ങൾ/ജോലി ഡയറി എന്നിവ ബില്ലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. ടിയാളെ സ്പീച്ച് തെറാപ്പിസ്റ്റായി നിയമിച്ച കൊണ്ടുള്ള ഉത്തരവ്, പ്രസ്തുത നിയമനത്തിന് ലഭിച്ചിട്ടുള്ള പഞ്ചായത്ത് കമ്മിറ്റി/ഭരണസമിതിയുടെ അംഗീകാരം, നിയമനവുമായി ബന്ധപ്പെട്ട് ആര്യ വിജയനുമായി ഏർപ്പെട്ടിട്ടുള്ള എഗ്രിമെന്റിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കിയിട്ടില്ല. സ.ഉ(കൈ)നം.22/2018/തസ്വഭവ, തീയതി.14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ.7.1.10 പ്രകാരം തെറാപ്പിയുമായി ബന്ധപ്പെട്ട് കുട്ടികളുടെ ട്രീറ്റ്മെന്റ് & പ്രോഗ്രസ് റിപ്പോർട്ട് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുണ്ട്. അപ്രകാരമുള്ള റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 43/31.01.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമനം സംബന്ധിച്ച് ആവശ്യപ്പെട്ട രേഖകൾ എത്രയും വേഗം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സുരക്ഷ പ്രോജക്ട് - സൈക്യാട്രിക് കൗൺസിലർക്ക് അധികമായി അനുവദിച്ച വേതനം 11,400/- രൂപ ഈടാക്കേണ്ടതാണ്.

സുരക്ഷ പ്രോജക്റ്റിന്റെ ഭാഗമായി താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള സൈക്യാട്രിക് കൗൺസിലർക്ക് വിവിധ മാസങ്ങളിൽ 15,000/- രൂപ വേതനം നൽകിയിരിക്കുന്നതായി കാണുന്നു. എല്ലാ ബില്ലുകളോടൊപ്പവും മസ്റ്റർ റോൾ/അറ്റൻഡൻസ് ഷീറ്റ് ഉൾപ്പടുത്തിയിട്ടില്ല. ചില ബില്ലുകളോടൊപ്പം ഉൾപ്പെടുത്തിയിട്ടുള്ള അറ്റൻഡൻസ് ഷീറ്റ് പരിശോധിച്ചതിൽ സൈക്യാട്രിക് കൗൺസിലർക്ക് പല മാസങ്ങളിലും അർഹമായതിൽ കൂടുതൽ വേതനം നൽകിയിരിക്കുന്നതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സൈക്യാട്രിക് കൗൺസിലറുടെ പേര് | വേതനത്തിന് ക്ലെയിം ചെയ്തിട്ടുള്ള ദിവസം | അനുവദിച്ച വേതനം | ബിൽ നം./തീയതി | അർഹമായ വേതനം | അധികമായി നൽകിയത് | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | ബിജിത്ര.സി | 23 | 15000 (600*25) | 44/06.01.20 | 12600 (600*21) | 2400 | ഹാജരായ 05.12.19, 06.12.19 ദിവസങ്ങളിലെ വേതനം അടുത്ത മാസത്തിലും ക്ലെയിം ചെയ്ത് തുക കൈപ്പറ്റിയിട്ടുണ്ട്. |
| 2 | ബിജിത്ര.സി | 22 | 15000 (600*25) | 35/15.10.19 | 13200 (600*22) | 1800 | |
| 3 | ബിജിത്ര.സി | 22 | 15000 (600*25) | 31/15.10.19 | 12600 (600*21) | 2400 | ഹാജരായ 10.08.19 തീയതിയിലെ വേതനം മുൻപുള്ള മാസത്തിലും ക്ലെയിം ചെയ്ത് തുക കൈപ്പറ്റിയിട്ടുണ്ട് |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | ബിജിത്ര.സി | 49 (2 മാസത്തെ ക്ലെയിം) | 30000 (600*50) | 4/3.06.19 | 28800 (600*48) | 1200 | ഹാജരായ 12.04.19 തീയതിയിലെ വേതനം രണ്ടു മാസത്തിലും ക്ലെയിം ചെയ്ത് തുക കൈപ്പറ്റിയിട്ടുണ്ട് |
| 5 | ബിജിത്ര.സി | 24 | 15000 (600*25) | 8/29.06.19 | 14400 (600*24) | 600 | |
| 6 | ചിന്തു.ആർ.ബി | 25 | 15000 (600*25) | 8/29.06.19 | 14400 (600*24) | 600 | ഹാജരായ 13.05.19 തീയതിയിലെ വേതനം മുൻപുള്ള മാസത്തിലും ക്ലെയിം ചെയ്ത് തുക കൈപ്പറ്റിയിട്ടുണ്ട് |
| 7 | ബിജിത്ര.സി | 23 | 15000 (600*25) | 78/26.02.20 | 13800 (600*23) | 1200 | |
| 8 | ചിന്തു.ആർ.ബി | 23 | 15000 (600*25) | 78/26.02.20 | 13800 (600*22) | 1200 | ഹാജരായ 07.01.20 തീയതിയിലെ വേതനം മുൻപുള്ള മാസത്തിലും ക്ലെയിം ചെയ്ത് തുക കൈപ്പറ്റിയിട്ടുണ്ട് |
| | | | | | ആകെ | 11,400/-രൂപ | |

മേൽ പ്രകാരം വേതനം അധികമായി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണം നം. 49/31.01.22 ന് മറുപടി നൽകിയിട്ടില്ല. അനർഹമായി നൽകിയ വേതനം 11,400/- രൂപ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വാർഷിക ധനകാര്യ പത്രിക പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | മുന്നിരുപ്പ് (എ.എഫ്.എസ് പ്രകാരം) | വരവ് (എ.എഫ്.എസ് പ്രകാരം) | ചെലവ് (സുലേഖ ചെലവ് പത്രിക പ്രകാരം) | നീക്കിയിരുപ്പ് (എ.എഫ്.എസ് പ്രകാരം) |
|---|---|---|---|---|
| വില്ലേജ് പഞ്ചായത്ത് വിഹിതം | 0 | 480000 | 0 | 636050 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 8746134 | 0 | 0 | 7036253 |

മുന്നിരിപ്പ്, വരവ്, ചെലവ് എന്നിവ കണക്കാക്കുമ്പോൾ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിൽ നിന്നുള്ള ചെലവ് വിശദാംശം ഉൾപ്പെടുത്തിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, വ്യത്യാസം പൊരുത്തപ്പെടുത്തി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

### 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഇ.എം.എസ്. ഭവനപദ്ധതി | 5463350 | 1092670 | 546335 | 546335 |
| ഐ.എ.വൈ. (*) | 23584098 (15716148+7867950) | 15328122 (11394147+3933975) | 786795 (0+786795) | 14541327 (11394147+3147180) |

(*) ഐ.എ.വൈ. ലോണിനത്തിൽ Chirayinkeezhu SCB യിൽ നിന്നും, Edackodu SCB യിൽ നിന്നും ലോൺ എടുത്തിട്ടുണ്ട്. എന്നാൽ Edackodu SCB യിൽ നിന്നും എടുത്ത ലോൺ വിശദാംശം വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത ലോൺവിശദാംശം കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടിക തയ്യാറാക്കിയിട്ടുള്ളത്.

### 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല.

## 4-8 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 1,91,65,367/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 4,79,86,612/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,42,99,924/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 11,400/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4,50,000/- |

(ബി). ബ്ലോക്ക്പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നം. | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 11,400/- | ഡോ. ഷബ്ന, സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ, ചിറയിൻകീഴ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16(1) | 4,50,000/- | ശ്രീ. പ്രസാദ്. കെ. പട്ടികജാതി വികസന ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ഷബ്ന | സൂപ്രണ്ട്,ചിറയിൻകീഴ് താലൂക്ക് ആശുപത്രി | ഡോ.ഷബ്ന ടി.സി.17(1755) 17 ബി പൂജപ്പുര തിരുവനന്തപുരം |
| ശ്രീ. പ്രസാദ്. കെ. | പട്ടികജാതി വികസന ഓഫീസർ | പ്രണവം, റ്റി.സി.- |

| | | | |
|---|---|---|---|
| | പട്ടികജാതി വികസന ഓഫീസർ | | 9/961(3), ഇക്കരവിളാകം, ശ്രീകാര്യം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.റ്റി.വി.എം.ബി.പി./474/2018 തീയതി 20.01.2018 | 3 |
| 1998-99 | കെ.എസ്.എ.റ്റി.വി.എം.ബി.പി./474/2018, തീയതി 20.01.2018 | 1 |
| 2000-01 | കെ.എസ്.എ.റ്റി.വി.എം.ബി.പി./474/2018, തീയതി 20.01.2018 | 2 |
| 2001-01 | കെ.എസ്.എ.റ്റി.വി.എം.ബി.പി./474/2018, തീയതി 20.01.2018 | 1 |
| 2002-03 | കെ.എസ്.എ.റ്റി.വി.എം.ബി.പി./474/2018, തീയതി 20.01.2018 | 1 |
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ബി.പി./474/2018, തീയതി 20.01.2018 | 3 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ബി.പി./474/2018, തീയതി 20.01.2018 | 5 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ബി.പി./474/2018, തീയതി 20.01.2018 | 3 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ബി.പി./474/2018, തീയതി 20.01.2018 | 3 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ബി.പി./474/2018, തീയതി 20.01.2018 | 2 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ബി.പി./474/2018, തീയതി 20.01.2018 | 4 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ബി.പി./474/2018, തീയതി 20.01.2018 | 2 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ബി.പി./474/2018, തീയതി 20.01.2018 | 2 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ബി.പി./474/2018, തീയതി 20.01.2018 | 3 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ബി.പി./259/2017, തീയതി 23.08.2018 | 10 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ബി.പി./1995/2017, തീയതി 18.12.2018 | 13 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ബി.പി./202/2019, തീയതി 22.05.2020 | 24 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ബി.പി./806/2020, തീയതി 14.08.2020 | 29 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്